# സഭാപ്രവേശം

## പറയൻതുള്ളൽ.

**With Introduction and Notes.**

Sastri Mahopadhyaya

K. S. N. UNNI.

1939

T 61
U 5

# സഭാപ്രവേശം

## പറയൻതുള്ളൽ.

**With Introduction and Notes.**

Sastri Mahopadhyaya

K. S. N. UNNI.

1939

10856
BHARMARAM COLLEGE BANGALORE
ERNAKULAM. CANCELLED
T 61 / 2.05

# അവതാരിക.

കവി—അനുഗൃഹീതകവിയായ കുഞ്ചൻനമ്പിയാരുടെ ജന്മദേശം ബ്രിട്ടീഷുമലബാറിൽ ലക്കടി തീവണ്ടിയാപ്പീസിനു സമീപമുള്ള കിള്ളിക്കുറിശി മംഗലമാണു്. കൊല്ലവൎഷം 880-ാമാണ്ടിനോടടുത്തകാലത്താണു് ഈ കവി ജനിച്ചതു്. ബാല്യത്തിലെ വിദ്യാഭ്യാസം അദ്ദേഹം സ്വദേശത്തുതന്നെ കഴിച്ചുകൂട്ടി പുരാതനകാലത്തെ സമ്പ്രദായമനുസരിച്ചുള്ള സംസ്കൃതവിദ്യാഭ്യാസം അദ്ദേഹത്തിനു സ്വദേശത്തുനിന്നുതന്നെ ധാരാളം ലഭിച്ചിരുന്നു എന്നുള്ളതിനു തെളിവുകളുണ്ടു്. അദ്ദേഹത്തിൻെറ അച്ഛനു കിടങ്ങൂർ ക്ഷേത്രത്തിൽ എന്തൊ ജോലിയുണ്ടായിരുന്നതുകൊണ്ടു കൗമാരാവസ്ഥയിൽതന്നെ നമ്പിയാൎക്കു കിടങ്ങൂർ വന്നു താമസിക്കുന്നതിന്നിടയായി. കിടങ്ങൂരുള്ള താമസം നമ്പിയാൎക്കു തെക്കൻദിക്കുകളുമായി പരിചയപ്പെടുന്നതിന്നിടയുണ്ടാക്കിക്കൊടുത്തു. കിടങ്ങൂർ നിന്നും 900-ാമാണ്ടിന്നിടയ്ക്കു നമ്പിയാർ അമ്പലപ്പുഴ എത്തി മാത്തൂർ പണിക്കരുമായി പരിചയം സമ്പാദിച്ചു. മാത്തൂർ പണിക്കർ അമ്പലപ്പുഴ രാജാവിൻെറ മന്ത്രിയായിരുന്നതുകൊണ്ടു രാജസന്നിധിയിൽ പ്രവേശിക്കുന്നതിനു നമ്പിയാൎക്കു സൗകൎയ്യം കിട്ടി. ഇവിടെ ദ്രോണമ്പള്ളിലാചാൎയ്യനും നന്ദികാരണ്യവാസിയായ ഉണ്ണിരവിക്കുറുപ്പും നമ്പിയാരുടെ ഗുരുക്കന്മാരായിരുന്നു. മിക്ക തുള്ളലുകളിലും മേൽപറയപ്പെട്ട ഗുരുക്കന്മാരേയും മാത്തൂർ ഭഗവതിയേയും നമ്പിയാർ സ്തുതിച്ചു കാണുന്നു. അമ്പലപ്പുഴ രാജാവിനെ ആശ്രയിച്ചു താമസിക്കുന്ന കാലത്താണു നമ്പിയാർ ആദ്യമായി തുള്ളൽകഥകൾ ഉണ്ടാക്കാനാരംഭിച്ചതു്.

933-ൽ നാടുനീങ്ങിയ മാൎത്താണ്ഡവൎമ്മമഹാരാജാവു് 923-ൽ അമ്പലപ്പുഴ രാജ്യം പിടിച്ചടക്കി. അതോടുകൂടി അമ്പലപ്പുഴ രാജാവിനെ ആശ്രയിച്ചു നിന്നവരെല്ലാം മാത്തൂർപണിക്കരുടേയും മററും സഹായംനിമിത്തം മാൎത്താണ്ഡവൎമ്മ മഹാരാജാവിന്റെ ആശ്രിതന്മാരായിത്തീൎന്നു. തൻമൂലം നമ്പിയാരും തിരുവനന്തപുരത്തു പോയി പാൎക്കേണ്ടിവന്നു. മാൎത്താണ്ഡവൎമ്മ മഹാരാജാവിന്റെ കാലശേഷവും കാൎത്തികതിരുനാൾ രാമവൎമ്മ മഹാരാജാവിനെ ആശ്രയിച്ചു നമ്പിയാർ കുറെക്കാലംകൂടി തിരുവനന്തപുരത്തു താമസിക്കുകയുണ്ടായി. അക്കാലത്തു പ്രസിദ്ധ കവിയായ ഉണ്ണായിവാരിയരുടെ സഹവാസപരിചയം സിദ്ധിക്കുന്നതിനും അദ്ദേഹത്തിനിടയായിട്ടുണ്ടു്. നമ്പിയാർ പ്രൗഢങ്ങളായ മിക്ക തുള്ളൽകഥകളും എഴുതിയിട്ടുള്ളതു തിരുവനന്തപുരത്തു താമസിക്കുന്ന കാലത്താണെന്നു് അനന്തശയനത്തേയും രാമവൎമ്മ മഹാരാജാവിനേയും പററിയുള്ള തത്തൽ ഗ്രന്ഥങ്ങളിലെ പ്രസ്താവനകൾ തെളിയിക്കുന്നു. 940-ാമാണ്ടിനോടിടയ്ക്കു നമ്പിയാർ മഹാരാജാവിന്റെ അനുവാദത്തോടുകൂടി തിരുവനന്തപുരത്തുനിന്നും നേരെ അമ്പലപ്പുഴ വന്നു താമസമാക്കി. അവിടെവച്ചു് 65-ാമത്തെ വയസ്സിൽ ഒരു പേപ്പട്ടി കടിച്ചു് അദ്ദേഹം മരണം പ്രാപിച്ചു. അമ്പലപ്പുഴ ക്ഷേത്രത്തിനു തെക്കുമാറി സ്ഥിതിചെയ്യുന്ന നമ്പിയാർമഠമായിരുന്നു കുഞ്ചൻ നമ്പിയാരുടെ താമസസ്ഥലം.

കഥ—ഇന്ദ്രപ്രസ്ഥത്തിൽ വിചിത്രമായ ഒരു സഭാഗൃഹമുണ്ടായിരുന്നു. രാജസൂയയാഗത്തിനു ശേഷം അതിൽ ഒരു പ്രധാന ഭാഗഭാക്കായിരുന്ന ദുൎയ്യോധനൻ കുറെദിവസംകൂടി ഇന്ദ്രപ്രസ്ഥത്തിൽതന്നെ താമസിക്കുക

യുണ്ടായി. അക്കാലത്തൊരിക്കൽ ദുൎയ്യോധനൻ സഭാഗൃഹം കാണുന്നതിനായി അതിനുള്ളിൽ കടന്നു ശില്പചാതുരികൾ നോക്കി നടന്നു. കാഴ്ചക്കാരിൽ സ്ഥലജലഭ്രാന്തിയുണ്ടാക്കിത്തീൎക്കുക എന്നുള്ളതായിരുന്നു ആ ഗൃഹത്തിന്റെ പ്രധാന ഗുണം. തന്മൂലം ദുൎയ്യോധനൻ സ്ഥലത്തിൽ ജലമുണ്ടെന്നു ഭ്രമിച്ചു വസ്ത്രം ഉയൎത്തിപ്പിടിച്ചുകൊണ്ടു നടക്കുകയും ജലത്തിൽ സ്ഥലഭ്രമംമൂലം ചെന്നുചാടി കഷ്ടപ്പെടുകയും ചെയ്തു. ഇതെല്ലാം കണ്ടുകൊണ്ടിരുന്ന ഭീമസേനൻതുടങ്ങിയുള്ളവർ കൈകൊട്ടിച്ചിരിച്ചതിനാൽ കോപവും സങ്കടവും ലജ്ജയുംനിമിത്തം മനം മയങ്ങിയ ദുൎയ്യോധനൻ ഉടനെ ഹസ്തിനപുരത്തേക്കു തിരിച്ചു പോയി. ഇതാണു് ഈ കഥയുടെ ബീജം. മഹാഭാരതത്തിലെ ഈ കഥ അല്പമായ വ്യത്യാസത്തോടുകൂടിയാണു നമ്പിയാർ തന്റെ കവിതയ്ക്കു വിഷയമാക്കിയിട്ടുള്ളതു്.

### പുരാണകഥയിൽനിന്നുള്ള വ്യത്യാസം.

മഹാഭാരതത്തിൽ സഭാഗൃഹം രാജസൂയയാഗത്തിനു മുൻപുതന്നെ പണികഴിപ്പിച്ചിട്ടുള്ളതായിട്ടാണു കാണുന്നതു്. രാജസൂയയാഗം കഴിഞ്ഞു ദുൎയ്യോധനനും ശകുനിയും കുറച്ചുകാലംകൂടി ഇന്ദ്രപ്രസ്ഥത്തിൽ താമസിച്ചു. ഈ അവസരത്തിലാണു ദുൎയ്യോധനനു സ്ഥലജലഭ്രമമുണ്ടായതു്. തുള്ളലിൽ സഭാനിൎമ്മാണം രാജസൂയം കഴിഞ്ഞതിനുശേഷം നടന്നതായിട്ടാണു കവിസങ്കല്പം. രാജസൂയം കഴിഞ്ഞു ശ്രീകൃഷ്ണൻ ദ്വാരകയിലേക്കു പോയതിന്റെ ശേഷം സഭാപ്രവേശം നടന്നതായിട്ടാണു വ്യാസൻ പറയുന്നതു്. എന്തെന്നാൽ ഈ സഭാപ്രവേശകാലത്തു ശ്രീകൃഷ്ണൻ ഇന്ദ്രപ്രസ്ഥത്തിൽ ഉണ്ടായിരുന്നതായി പറയുന്നു. നമ്പിയാർ രാജസൂയാനന്തരം ദ്വാര

കയിലേക്ക പോയ ശ്രീകൃഷ്ണനെ രണ്ടാമത്തും സഭാഗൃഹദൎശനാൎത്ഥം ഇന്ദ്രപ്രസ്ഥത്തിലേക്ക വരുത്തുകയാണ ചെയ്യുന്നത്. സഭാഗൃഹം പണിയുന്നതിനുള്ള വിശിഷ്ടോപകരണങ്ങൾ സമ്പാദിക്കുന്നതിനും പണി മുഴുവനാക്കുന്നതിനും പതിന്നാലു ദിവസം വേണ്ടിവന്നു എന്നു മഹാഭാരതത്തിൽ കാണുന്നു. നമ്പിയാൎക്ക ഇത്രയൊന്നും കാലതാമസം വേണ്ടിവന്നില്ല. ഉപകരണങ്ങളുടെ ആവശ്യവും നേരിട്ടില്ല.

കല്ലുവേണ്ടാ മരംവേണ്ടാ കല്ലുളിവാശ്ശിയുംവേണ്ട
നെല്ലുവേണ്ടാപണംവേണ്ടാ തെല്ലുപോലും വ്യയംവേണ്ട.

എന്നായിരുന്നു ഉപകരണപ്രശ്നത്തിൽ മയന്റെ മറുപടി. മയൻ മഴുകൊണ്ടു ഭൂമിയിൽ ഒന്നു വെട്ടി. ഇന്ദ്രജാലവിദ്യപോലെ ഗൃഹവും തീൎന്നു ഇപ്രകാരമുള്ള വ്യത്യാസങ്ങൾ അക്കാലത്തെ സാമാന്യജനങ്ങൾക്ക് ഏററവും രസകരമായിരുന്നു എന്നുള്ളതിനു തൎക്കമില്ല.

കവിത—നമ്പിയാരുടെ കവിതകൾക്ക് അനന്യസാധാരണങ്ങളായ പല ഗുണങ്ങളും ഉണ്ടെന്നുള്ള വാസ്തവം സഹൃദയലോകം സമ്മതിക്കുന്ന ഒന്നാണ്. അവയെപ്പററി സമഗ്രമായി പ്രതിപാദിക്കുന്നതിനിവിടെ ഉദ്ദേശിക്കുന്നില്ല. വിസ്തരഭയം അതിനു സമ്മതിക്കുന്നതുമില്ല. ചില പ്രത്യേക ഗുണങ്ങളെപ്പററിമാത്രമേ ഇവിടെ അല്പം പ്രതിപാദിക്കുന്നുള്ളു.

1. കവിതയ്ക്കു തന്മയത്വം വരുത്തുന്ന വിഷയത്തിൽ നമ്പിയാർ മററു കവികളുടെ രീതികളെ തീരെ അവലംബിക്കുന്നില്ല. സ്ഥലകാലാദികളെപ്പററി അദ്ദേഹത്തിനു നോട്ടമില്ല. വായനക്കാരെ രസിപ്പിക്കുന്നതിന് ഏതു രീതിയാണു കൈക്കൊള്ളേണ്ടതെന്ന് അദ്ദേഹത്തിനു നല്ല നിശ്ചയമുണ്ടായിരുന്നു. വായനക്കാൎക്ക

ത്തങ്ങളുടെ കൺമുന്നിൽ കാണുന്നതുപോലെയുള്ള അനുഭവമുണ്ടാകണമെന്നുള്ളതാണു വർണ്ണനകളുടെ ഉദ്ദേശം. വായനക്കാരിൽ വിജ്ഞന്മാർ വളരെ കുറവായിരിക്കും സാമാന്യജനങ്ങളായിരിക്കും അധികവും. അവരെ രസിപ്പിക്കണമെങ്കിൽ അവർക്ക് അനുഭവപ്പെട്ടകാര്യങ്ങൾതന്നെ പറയണം. ദേവേന്ദ്രൻ ദേവസേനകളെ വിളിക്കുന്നതും ഉർവ്വശി തിലോത്തമാദികളെ നൃത്തം ചെയ്യിക്കുന്നതും മററും, കോന്തിച്ചേട്ടനേയും കുഞ്ഞുരാമനേയും വിളിക്കുന്നതും നീലിപ്പെണ്ണിനേയും കാളിപ്പെണ്ണിനേയും കാഴ്ചകാണ്മാനയക്കുന്നതുംപോലെ സാമാന്യജനങ്ങൾക്കു രസിക്കാനിടയില്ലല്ലോ. ഈ ഒരു കാരണം വച്ചുകൊണ്ടുതന്നെയാണു നമ്പിയാർ ദേവലോകമായാലും സത്യലോകമായാലും ഇന്ദ്രപ്രസ്ഥമായാലും ദ്വാരകയായാലും അവിടെയെല്ലാം നായന്മാരെ വാളും പരിചയും വടിയുമായി പ്രവേശിപ്പിക്കുന്നത്. വാൎദ്ധക്യപീഡവന്ന ബ്രഹ്മാവു മൂക്കത്തു കണ്ണാടിവയ്ക്കുന്നതുംമററും മേൽപറയപ്പെട്ട അനുഭവരസത്തെ പോഷിപ്പിക്കുന്നതിനു മാത്രമായിട്ടാണ്.

2. ഫലിതപ്രയോഗത്തിൽ നമ്പിയാർ അദ്വിതീയനായിരുന്നു. ഈ വിഷയത്തിൽ നമ്പിയാരെ ജയിക്കുന്നതിനു മലയാളത്തിൽ വേറൊരു കവി ഉണ്ടായിട്ടില്ല. പണ്ഡിതപാമരന്മാരെ ഒരുപോലെ രസിപ്പിക്കുന്ന ഫലിതങ്ങൾ നമ്പിയാരുടെ തുള്ളൽകഥകളിൽ ധാരാളമുണ്ട്. ഇന്ദ്രപ്രസ്ഥത്തിൽവച്ചു ദുര്യോധനൻ ജലത്തിൽ വീണ അവസരത്തിൽ ഭീമസേനൻ ഇപ്രകാരമാണു ചോദിക്കുന്നത്.

"നിങ്ങടെരാജ്യത്തിൽ വെള്ളംകുടിപ്പാ
നെങ്ങുമൊരേടത്തുമില്ലായ്കകൊണ്ടോ

ഞങ്ങടെനാട്ടിലെ തോട്ടിലെവെള്ളം
അങ്ങുള്ള വെള്ളത്തേക്കാറം ഗുണമേരന്നോ

ഇന്ദ്രപ്രസ്ഥത്തിലേക്ക പോകാൻ തയാറായ ദുര്യോധനൻ പിതാവിനോട്ട യാത്രചോദിക്കാൻ ചെല്ലുന്ന അവസരത്തിൽ—

"ജനകന്നും കണ്ണുകാണാ ജനനിക്കും കണ്ണുകാണാ
തനയന്മാരരികത്തു ചെന്നുകുപ്പി സ്തുതിച്ചപ്പോറം
ചുമയ്ക്കുന്നൊന്തെടോയെന്നു ധൃതരാഷ്ട്രഗിരം കേട്ടു
ചുമയ്ക്കുന്നാതടിയങ്ങറം എന്നവരുമ്മുണത്തിച്ചു"

ഇങ്ങനെയുള്ള ഫലിതങ്ങറം എത്രവേണമെങ്കിലും ഉദ്ധരിക്കാം.

3) <u>കവിതയ്ക്കുള്ള നിരർഗ്ഗളപ്രവാഹം.</u> സംസ്കൃതത്തിൽ അത്യാവശ്യമായ പാണ്ഡിത്യം സമ്പാദിച്ച നമ്പിയാർ ഭടജനങ്ങറംക്ക രുചിക്കത്തക്കരീതിയിൽ വെറും ഭാഷാപദങ്ങറം മാത്രം ഉപയോഗിച്ച കവിത ചമച്ചതിൽ അത്ഭുതപ്പെടേണ്ടിയിരിക്കുന്നു. ഇക്കാലത്തുപോലും മലയാളം പദദാരിദ്ര്യമുള്ള ഒരു ഭാഷയാണെന്നും അതിൽ ആശയങ്ങറം ശരിയായി പ്രകാശിപ്പിക്കാൻ കഴിവില്ലെന്നും യോഗ്യന്മാർ മുറവിളികൂട്ടിക്കൊണ്ടിരിക്കയാണല്ലൊ. ഈസ്ഥിതിയിൽ എത്രയോകാലം മുൻപു തന്നെ യാതൊരു പ്രയാസവുംകൂടാതെ കവിതാകമ്മം നിവ്വഹിച്ച നമ്പിയാരെ എത്രമാത്രം സ്തുതിച്ചാലും മതിയാകുന്നതല്ലല്ലോ. പ്രാസപ്രയോഗത്തിൽ ഇദ്ദേഹത്തോടടുത്തുനിൽക്കത്തക്ക ഒരു കവി ഉണ്ടായിട്ടുണ്ടോ എന്നു തന്നെ സംശയമാണ്. ക്ലിഷ്ടത നമ്പിയാരുടെ കവിതകളിൽ ഒരിടത്തും കാണുകയില്ല. ഉദാഹരണങ്ങറം സുലഭങ്ങളാകയാൽ എടുത്തുകാണിക്കുന്നില്ല.

4) കൃത്യാകൃത്യോപദേശം ചെയ്യുന്നതിൽ കവി മനഃപൂർവ്വം ദൃഷ്ടിവച്ചിട്ടുണ്ടെന്നുള്ളതു് ഓരോ സമുദായത്തിൻേറയും ദോഷങ്ങളെ എടുത്തുകാണിക്കുന്നതിൽ നിന്നുതന്നെ നമുക്കു മനസ്സിലാക്കാം. സ്ത്രീലമ്പടന്മാർ ഭീരുക്കൾ, വൃഥാഭിമാനികൾ, ഭടന്മാർ, രാജസേവക്കാർ ഇവരെല്ലാം കണക്കിനു ശകാരിക്കുന്നതു് അത്തരക്കാർ നന്നാകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയെന്നല്ലാതെ അവരോടയെല്ലാം തോന്നിയിട്ടുള്ള വിരോധത്തിൻേറ ഫലമാണെന്നു വിചാരിക്കാൻ നിവൃത്തിയില്ല.

## വൃത്തം.

തുള്ളലുകൾ ഓട്ടൻ, ശീതങ്കൻ പറയൻ എന്നും മൂന്നുതരത്തിലാണു്. ഇവയ്ക്കെല്ലാം വൃത്ത നിബന്ധനമായ വ്യത്യാസമുണ്ടുതാനും. കൂടാതെ പാട്ടിലും വേഷത്തിലുംകൂടി ഭേദമുണ്ടു്. ഈ സഭാപ്രവേശം പറയൻ എന്ന ഇനത്തിൽ പെട്ടതാണു്. ഇതിനു വൃത്തമഞ്ജരിയിൽ കൊടുത്തിരിക്കുന്ന ലക്ഷണം

"വ്യവസ്ഥയെല്ലാം ശിഥിലം
പ്രധാനം ഗാനരീതിതാൻ"

എന്നാണു്. പ്രായേണ നാലുതരത്തിലുള്ള വൃത്തങ്ങൾ സഭാപ്രവേശത്തിൽ കാണുന്നുണ്ടു്.

1) നമസ്തേവിഘ്നരാജായ
നമസ്തേ വൈരിജേതാവേ

ഇതിനു അർദ്ധകേകയെന്നുപേർ.

2) "വേഷസംഗതിയോടുചേർന്നൊരു
ഭാഷവേണമതെങ്കിലേ"

ഇതിനു മല്ലിക എന്നുപേർ.

3) "മാത്തൂരംബികേനിൻെറ
കാൽതാരിൽ വണങ്ങുന്നേൻ"

ഇതിന്നു കൃശമദ്ധ്യയെന്നു പേർ.

4) സാരമില്ലാത്ത ജനങ്ങൾവന്നാലിഹ
പാരമുഴന്നുവലഞ്ഞുപോകും

ഇതു മഞ്ജരീവൃത്തംതന്നെ.

പ്രായേണ ഇപ്രകാരമുള്ള വൃത്തങ്ങളാണിതിൽ കാണുന്നതെങ്കിലും ചില സ്ഥലങ്ങളിൽ വ്യത്യാസങ്ങളും ഇല്ലാതില്ല.

# സഭാപ്രവേശം

## പറയൻതുള്ളൽ.

ഹരിഃ ശ്രീഗണപതയേ നമഃ

അവിഘ്നമസ്തു.

നമസ്തേ വിഘ്നരാജാവേ! നമസ്തേ വിശ്രുതാത്മാവേ!
നമസ്തേ വിശ്വധാതാവേ! നമസ്തേ വൈരിജേതാവേ!
നമസ്തേ പാർവ്വതീനാഥ! നമസ്തേ ജാനകീനാഥ!
നമസ്തേ ഭാരതീനാഥ! നമസ്തേ ഭാർഗ്ഗവീനാഥ!
നരലോകോത്തമൻ, ധാത്രീസുരലോകാധിപനെന്റെ
ഗുരുനാഥൻ ഗുണാംഭോധി കരുണാശീതളസ്വാന്തൻ
പരിചോടെൻമനക്കാമ്പിൽ പരിശോഭിച്ചരുളേണം,
പരമാനന്ദമൂർത്തേ! തേ പദപത്മേ വണങ്ങുന്നേൻ
കുറവില്ലാത്തൊരു കിള്ളിക്കുറിശ്ശിശ്രീമഹാദേവൻ
മറവെന്യേ മനോരങ്ഗേ നിറമോടേ വിളങ്ങേണം.
അറിഞ്ഞൊരു കഥാഭാഗം കുറഞ്ഞൊന്നിസ്സഭതന്നിൽ
പറഞ്ഞുപോരുവാനായ് ഞാനുറഞ്ഞു വന്നിഹ കേറി;
നിറഞ്ഞുള്ളന്തണന്മാർവന്നിരിക്കുന്ന സമക്ഷത്തു
പറഞ്ഞുകൊൾകയും പാരം വിഷമമെന്നതേ വേണ്ടു
പറയന്റെ കുലംതന്നിൽ പിറന്നുള്ളോരടിയങ്ങൾ
പറയുന്ന പരമാർത്ഥമറിയുന്ന ജനം തുച്ഛം
പറയി പെറ്റുളനാം പാക്കനാരെന്നു പുകഴ്ന്നോരു
പറയപ്രൗഢനെക്കേട്ടാലറിയാത്തോരുമില്ലിപ്പോൾ;

മറകൾ നാലിലുമുള്ള മതമെല്ലാമവനുള്ളിൽ
മറക്കൂടാതിയലുന്നു, മറവിയും തരിമ്പില്ല.
കുറുപ്പത്തിലൊരുമാറ്റമുറപ്പിച്ചു മനക്കാമ്പിൽ
ചെറുപ്പത്തിൽ പഠിച്ചതു നിരപ്പോടെ പറഞ്ഞീടാം.
അറപ്പു വിട്ടടിയങ്ങളറിയിക്കുന്നതു കേട്ടാൽ
ചെറുപ്പക്കാർക്കൊരു പ്രീതി വെറുപ്പുണ്ടായ് വരുമെന്നാൽ
കറുത്ത ഭാവവും പൂണ്ടു മറുത്തു വന്നുടൻ നമ്മെ
പുറത്തു മാറുവാൻ ചാടിപ്പുറപ്പെട്ടെങ്കിലും ഞങ്ങൾ
തരിമ്പുമാറുകയില്ലെന്നറിഞ്ഞുകൊൾകെടോ മൂറും.
തരംപോലെ പ്രയോഗിപ്പാനൊരുമ്പെട്ടു പുറപ്പെട്ടു
കരിമ്പുവില്ലനെച്ചുട്ടു കരിച്ചോരീശ്വരൻ നല്ലോ-
രിരുമ്പുകട്ടപോലുള്ളിലുറച്ചു വാണരുളുന്നു;
പരം പൂർണ്ണം പരബ്രഹ്മസ്വരൂപം, പാവനാകാരം
ചിരം പാലിച്ചരുളേണം ചിന്മയാത്മൻ! നമസ്കാരം.

തിരുവനന്തപുരേ വിളങ്ങിന പത്മനാഭ! നമോസ്തു തേ
തരുണജലധരനികരതുലിതകളേബരായ നമോസ്തു തേ
അരുണപങ്കജകോമളായതലോചനായ നമോസ്തു തേ
ചരണസരസിജയുഗളനിപതിതനിഖിലദേവ! നമോസ്തു
ഉന്നതോരുകിരീടകുണ്ഡലമണ്ഡനായ നമോസ്തു തേ (തേ
ഉരഗവരമയശയന! ജയജയ നളിനനാഭ! നമോസ്തു തേ
ഇന്ദിരാമണിമന്ദിരാമലസുന്ദരാംഗ! നമോസ്തു തേ.
ഇരവുപകലഹമജിത! തവതനു ചിന്തയാമി നമോസ്തു തേ.
വഞ്ചിരാജകുലോത്തമൻ കുലശേഖരപ്പെരുമാളഹോ!
വടിവിലടിയനു വിനകളൊഴിവതിനാശ്രയം പരമാശ്രയം.
സഞ്ചിതാഖിലധർമ്മകർമ്മസുനിർമ്മലാത്ഭുതപൂരുഷൻ
സകലരിപുകുലശലഭദഹനമഹാനുഭാവസുപൂരുഷൻ,
വിക്രമാതിശയങ്ങൾകൊണ്ടരിനൃപതിരാജ്യമശേഷമേ
ആക്രമിച്ചുടനാകവേ പരിപാലനേന മഹോത്സവം॥
ശക്രലോകസമാനമാക്കി വരുത്തി വാണരുളീടിനാൻ

അക്ക്യുല്യഭുജപ്രതാപനശേഷഗുണനിധി പാത്രമാം
പാക്കനാരുടെ വംശലേശമതില്പിറന്നവനേഷ ഞാൻ
വാക്കിനാരൊട്ടുമെത്തി നേത്തു മടങ്ങിമാറുകയില്ലെടൊ
തിക്കനെല്ലു മടക്കമില്ല വനങ്ങൾ ഭസ്മമതാക്കുവാൻ
നീക്കമില്ല നിരപ്പിലുള്ള കവിപ്രബന്ധമതോത്തുവാൻ;
മറുവശത്തു വരുന്നവന്റെ മനസ്സിലുള്ളൊരു തള്ളലും
മറിവുമവന്റെ നെറിവുമൊരുവിധമറിവുമൊരുവക തു-
പറയനോടുഫലിക്കയില്ലതുപറകയില്ലറിയാമുടൻ;
കുറവു വരുവതിനെന്തു സംഗതി ഗുരുജനങ്ങളിരിക്കവെ.
സൽകവിപ്രവരൻ ചമച്ച കവിപ്രബന്ധനിബന്ധനം
തന്നുരിച്ചു വലിച്ചു കെട്ടിയ കഷ്ടിപിഷ്ടി കവിത്തരം
ദുഷ്ടകവിക്കൊരുനാണമില്ലതു ചൊല്ലുവാനിഹ വല്ലതും
ധൃഷ്ടബുദ്ധികളെന്തറിഞ്ഞു പറഞ്ഞതൊക്കെവൃഥാഫലം
മധുരമാകിന പഞ്ചസാരയിൽവേപ്പിലപ്പൊടി*കൂട്ടിയാൽ
വിധുരമാസ്സുരുമാരുമങ്ങു ഭുജിക്കയില്ലതു നിർണ്ണയം.
കൈത കുറുമൊഴി മുല്ല മാലതിമാലതന്നിലിടയ്ക്കിടെ
കാവളക്കുസുമങ്ങൾ ചേത്തുകണക്കിനേ കവികെട്ടിയാൽ
നല്ലപരിമളമുള്ളതൊക്കെ മറിച്ചു ദുഷ്ടമതായ് വരും.
തെല്ലു സംശയമില്ല ദുഷ്ടകവിവാക്കു കേൾക്കരുതാരുമേ.
സജ്ജനത്തിനു സംസ്കൃതക്കവി കേൾക്ക കൗതുകമെങ്കിലും
ദുർജ്ജനത്തിനതിങ്കലൊരു രസമേശുകില്ലതുകാരണം,
ഭടജനങ്ങടെസഭയിലുള്ളൊരുപടിയണിക്കിഹചേരുവാൻ
പടിവിയന്നൊരു ചാരുകേരളഭാഷതന്നെ ചിതംവരു.
കട്ടപടെപ്പട്ടുകഠിനസംസ്കൃതവികടകട്ടുകവി കേറിയാൽ
ഭടജനങ്ങൾ ധരിക്കയില്ല തിരിക്കുമൊക്കെയുമേറവുടൻ.
ഭാഷയേറിവരുന്ന നല്ലമണിപ്രവാളമതെങ്കിലൊ,
ദൂഷണം വരുവാനുമില്ല, വിശേഷഭൂഷണമായ്‌വരും.
വേഷസംഗതിയോടു ചേന്നൊരു ഭാഷവേണമതെങ്കിലേ

*"തൂകിയാൽ എന്നു" പാഠാന്തരം.

ശേഷമുള്ള ജനത്തിനും പരിതോഷമെന്നവസ്തു ദൃഢം.
ഘോരമാകിന ദുരിതജലധികടന്നു മറുകര പററുവാൻ
ഭാരതാ കഥസാരമെന്നു ധരിച്ചുകൊൾക മഹാജനം
വീരനായ സുയോധനൻെറ സഭാപ്രവേശവിഡംബനം
കാരണേനന ഭവിച്ചവാത്ത ചുരുക്കി ഞാനിഹ ചൊല്ലുവൻ.
മാത്തുരംബികേ! നിന്മെയ് പാത്തു ഞാൻ വണങ്ങു
ആത്തികളൊഴിച്ചെന്നെക്കാത്തീടേണമേ ദേവി. (ന്നേൻ
ക്ഷോണീമണ്ഡലംതന്നിലൊക്കവേ പുകഴ്ന്നോരു
ക്ഷോണീവാനവൻ വീരൻ ദ്രോണമ്പള്ളിയാചാര്യൻ
ക്ഷീണമെന്നിയേ കാത്തീടേണമിപ്പരിഷയ്ക്കു ×
പ്രാണപഞ്ചകത്തിൻെറ ത്രാണനത്തിന്നനുകൂലൻ
ആചാര്യോത്തമൻ ബാലരവിയെന്നു പുകഴ്ന്നോരു
ശ്രീചാരുസ്വരൂപൻെറ ചരണാംഭോരുഹം രണ്ടും
ആചാരോചിതം കൂപ്പിക്കവിചൊൽവാൻ തുടങ്ങുന്നേൻ
വാചാവാണ്ണനംചെയ്‌വാൻ വശമില്ലെങ്കിലുമെൻെറ
ദേശികേശ്വരൻതൻെറ ദയകൊണ്ടു കുറഞ്ഞൊന്നു
ക്ലേശിച്ചാലൊരു മാർഗ്ഗം വരുമെന്നാഗ്രഹംമൂലം
കേശവപ്രിയന്മാരാം പാണ്ഡവന്മാരുടെ വൃത്തം
കേവലമൊരുഭാഗം കഥിക്കുന്നു ബുധന്മാരേ!
സോമവംശാബ്ധിചന്ദ്രൻ ധമ്മരാജൻമഹാരാജൻ
ഭീമസേനാർജ്ജുനന്മാരും, ആശ്വിനേയാത്മജന്മാരും
കാമിനിമാർമണി പാഞ്ചാലിയും, പിന്നെസുഭദ്രയും
ശ്രീമതിയാകിയ കുന്തീദേവിയും, തൽസഖിമാരും
വാസവപ്രസ്ഥമെന്നുള്ള വാസഗേഹേ വഴിപോലെ
വാസസൗഖ്യോദയത്തോടെ രമിച്ചു മേവിനകാലം,
വാസവൻെറ പുത്രനായോരർജ്ജുനൻ വാണിരിക്കുന്ന
വാസഗേഹേ വന്നുകൂപ്പി മയനാം ദാനവശ്രേഷ്ഠൻ.
"സ്വാഗതം ദാനവാചാരിപ്പുണ്ണിക്കൻ നമ്മുടെ മുന്നിൽ
ആഗമിച്ചീട്ടുവാനെന്തു കാരണം? കൗശലക്കാരാ!
വേഗമോടിങ്ങനന്നിന്നെക്കണ്ടുകൊൾവാനെനിക്കിപ്പോൾ

യോഗമുണ്ടായതുമെൻറ ഭാഗധേയോദയം തന്നെ"
ഇപ്രകാരം ഫൽഗുനൻെറ വാക്കുകേട്ടു, പ്രസാദിച്ചു.
ശില്പിവീരൻ മയൻ മെല്ലെച്ചൊല്ലിനാനാദരവോടെ.
"അപ്രമേയപ്രഭാവശ്രീമന്ദിര! സുന്ദരാകാരാ
ത്വൽപ്രസാദംകൊണ്ടുജീവിച്ചീടിനേനേഷഞാൻപാർത്ഥ
ഖാണ്ഡവം കാനനം പാടേ ചുട്ടെരിച്ചില്ലയോ മുന്നം
പാണ്ഡവ! ഫൽഗുന! നീയും പങ്കജാക്ഷൻ ഭഗവാനും
ഗാണ്ഡിവം ചാപവും തേരും ലഭിച്ചു നീ വാസവൻെറ
താണ്ഡവാഡംബരാടോപം ശമിപ്പിച്ചില്ലയോ വീര!
ചക്രവുംകൊണ്ടുടൻ നമ്മെക്കൊല്ലുവാനായണഞ്ഞൊരു
ചക്രപാണി ഭഗവാൻെറ തൃക്കഴൽക്കു വണങ്ങിത്തൻ-
പ്രക്രമത്തെ ശമിപ്പിച്ചു തൽക്കനിവുമുളവാക്കി
ശീഘ്രമെന്നെക്കാത്തുരക്ഷിച്ചില്ലയോ നീ? മഹാത്മാവേ!
അന്നുചെയ്തോരുപകാരത്തിന്നു ഞാൻ പ്രത്യുപകാരം
ഒന്നുചെയ്‌വാൻമതിയാമെന്നുള്ള ഭാവം നമുക്കില്ല
(ആനവിററു പണമുണ്ടാക്കുന്നവരെത്തെളിയിപ്പാൻ
ചേനവിററു പൊറുക്കുന്ന ചെങ്ങാതി മതിയാമോ?
പൊന്നുവാരിക്കൊടുക്കും ധനികന്മാർക്കൊരുകാക്ക-
പ്പൊന്നുമാത്രം കാഴ്ചവച്ചു പ്രസാദത്തെ വരുത്താമോ?)
പ്രാണദാനം ചെയ്തവന്നു പകരമൊന്നുപകാരം
വേണമെന്നുനിരൂപിച്ചാലിങ്ങുസാധിക്കുമോ? പാർത്ഥ!
കാണമൊന്നും കൊതിച്ചിട്ടല്ലുത്തമന്മാരഹോ ദീന-
ത്രാണമെന്നുള്ള ധർമ്മത്തെത്താനറിഞ്ഞാചരിക്കുന്നു.
(ഇക്ഷിതിമണ്ഡലേ മേവുന്നോരുവേഴാമ്പലെന്നുള്ളാ-
പക്ഷികൾക്കു വഴിപോലെ മാരി കോരിച്ചൊരിഞ്ഞാശു
(കുക്ഷിപൂർത്തി വരുത്തീടുന്നില്ലയോ വാരിവാഹങ്ങൾ
രക്ഷചെയ്യും ജനത്തിൻെറ ലക്ഷണമങ്ങനേയുള്ളു)
സജ്ജനങ്ങൾക്കുപകാരമൊന്നുചെയ്‌വാൻ നിരൂപിച്ചാ-
ലിജ്ജനങ്ങൾക്കതു സാധിച്ചീടുവാൻ ശക്തിയില്ലല്ലോ.
ദുർജ്ജനങ്ങൾക്കുപകാരം ദൂഷണത്തിനൊരുമാർഗ്ഗം

അൎജ്ജുന! കേൾ ഭവാനെല്ലാമറിഞ്ഞോരു ദേഹമല്ലോ-
പാമ്പിനു പാൽകൊടുത്തോനെപ്പാഞ്ഞുവന്നു കടികൂട്ടം
ചെമ്പിനുനെയ്യൊഴിച്ചാകിൽ ചൊറിഞ്ഞുകൂട്ടുവാൻമേലാ
ഇഷ്ടമാടിക്കനിഞ്ഞു ചോറിട്ട കൈക്കു കടിക്കുന്ന
പട്ടികൾക്കു കൊടുക്കുന്ന യഷ്ടികൾക്കു നമസ്കാരം.
കൂട്ടിലാക്കിപ്പലനാളും പട്ടിണിയായ്ക്കിടക്കുന്ന
കാട്ടുപുള്ളിക്കടുവായെപ്പാട്ടിലാക്കാനിരകൊണ്ടു
നീട്ടിയോരു കയ്ക്കുകേറിക്കടിക്കു, മങ്ങനെയുള്ള-
കൂട്ടമൊന്നുമൊരുനാളും വിശ്വസിപ്പാൻ പാത്രമല്ല.
കാട്ടിലുള്ള കടുവായെക്കാട്ടിലേററം കശ്മലന്മാർ
നാട്ടിലുള്ള നരന്മാരും നാലുമൂന്നല്ലൊരുലക്ഷം.
വീട്ടിലുള്ള മുതലെല്ലാം വിററുതിന്നു കടംകൊണ്ടു
വീട്ടുവാനും വകയില്ലാഞ്ഞൊളിച്ചു കാനനം പുക്കു
വാട്ടമററു പുറപ്പെട്ടു രാത്രിയിൽ മെല്ലവേ ചെന്നു
നാട്ടകത്തു നടന്നോരോ രാജഭണ്ഡാരവും മററും,
കട്ടുകൊണ്ടു തിരിക്കുന്നു, കണ്ടറിഞ്ഞ ജനത്തോടു
വെട്ടുകൊണ്ടു മരിക്കുന്നു തസ്കരന്മാരീയവസ്ഥ
കണ്ടുനിൽക്കുന്നാവൻതന്നെ കള്ളനായി പുറപ്പെട്ടു
കണ്ടദിക്കിൽ ചെന്നു കപ്പാനായവന്നു ഭയമില്ല.
കണ്ടകന്മാൎക്കൊരു നാണം കണികാണ്മാൻ പോലുമില്ല.
കണ്ടുകൊൾകൎജ്ജുന! കാലത്തിൻെറയോരോ വിശേഷങ്ങ
കണ്ടാലുമറിയാത്ത കള്ളന്മാർ തലയ്ക്കിട്ടു (ൾ
കൊണ്ടാലുമറികയില്ലുണ്ടാകുമബദ്ധങ്ങൾ
രക്ഷിപ്പാനധികാരിയായുള്ള യജമാനൻ
ഭക്ഷിപ്പാൻ പുറപ്പെട്ടാലക്കാലം പ്രജകൾക്ക്,
ഉണ്മാനുമുടുപ്പാനും തേപ്പാനും വകയില്ലാ-
ഞ്ഞെങ്ങാനും പുറപ്പെട്ടു പൊയ്ക്കൊൾകെന്നതേയുള്ളൂ.
പണ്ടങ്ങു കിഴവന്മാർ കൊണ്ടങ്ങു കൃഷിചെയ്യും
കണ്ടങ്ങൾ പ്രഭുക്കന്മാർ കണ്ടെങ്ങെഴുതിക്കൊണ്ടാൽ
ഉണ്ടങ്ങു പൊറുക്കുന്നോരുണ്ടാമോ? വിചാരിച്ചു

കണ്ടാലും! കുരുക്കൾക്കു വേണ്ടുന്ന തൊഴിലല്ലാ.
കർണ്ണനും ശകുനിയും കാര്യക്കാരവർ ചെന്നു
കർണ്ണത്തിലുപദേശം ചെയ്യുന്നവിധമെല്ലാം
വർണ്ണിച്ചു വസിക്കുന്ന വൈരിയാം സുയോധനൻ.
കണ്ണില്ലാ ജനകനു കാര്യക്ലേശവുമില്ല,
ഉണ്ണികൾ പറയുന്നതൊക്കെയും പരമാർത്ഥം.
ഉണ്ണൊല്ലാ പിതാവെന്നു പറഞ്ഞെങ്കിലതും കേൾക്കും.
തൊണ്ണൂറുമൊരുപത്തും മക്കൾക്കു മനക്കാമ്പിൽ
തോന്നുന്ന തൊഴിലെല്ലാം തൊല്പ്പനാക്കുമെന്നുവാദം
കണ്ണും ദിക്കുമില്ലാത്ത കിഴവച്ഛാരുടെ വായിൽ
മണ്ണുചേർക്കുമീക്കൂട്ടമെന്നു നമ്മുടെ പക്ഷം;
എണ്ണങ്ങൾ വളരെയുണ്ടാകുമ്പോളവർക്കെല്ലാം
പെണ്ണുങ്ങളഞ്ചാറെട്ടും പ്രത്യേകമുണ്ടുപോലും
അണ്ണന്റെ കളത്രമേതനുജന്റെ കളത്രമേ-
തെന്നുള്ള വിഭാഗങ്ങളവിടെ കാൺകയില്ലപ്പോൾ
എണ്ണയ്ക്കുമുടുപ്പാനുമുണ്മാനുമവർക്കെല്ലാ-
മെന്നേയ്ക്കും മുടങ്ങാതെ ചിലവിട്ടു മുടിക്കുന്ന
പൊണ്ണന്മാരുടെ നാടും നഗരവും നശിക്കുമീ-
വണ്ണം ധ്വംസനംചെയ്താലെന്നുബോധമില്ലവർക്കും!
നാട്ടുവാഴികളെണ്ണമേറുമ്പോവർതന്റെ
നാട്ടുപാഴിലാക്കീട്ടു മന്യോന്യം കലഹിക്കും,
‘ഞാനത്രേ യജമാനൻ ഞാനത്രേ ജയമാനൻ
താനത്രേ തെളിയാതങ്ങടങ്ങിപ്പാർത്തുകൊണ്ടാലും!
ചേട്ടനേക്കാൾനമുക്കത്രേ ശ്രേഷ്ഠഭാവ,മെന്നൊരുത്തൻ;
ചേട്ടകൾക്കു ഗുരുത്വമെന്നുള്ളതീ നൂറ്റുവർക്കില്ലാ;
നൂറുകുഞ്ഞുങ്ങളെത്തീറ്റി വളർത്തോരച്ഛനെപ്പോലും
കൂറു തെല്ലുമിവർക്കില്ല, കുറ്റമുണ്ടാക്കുകേയുള്ളൂ,
ചോറുകാലത്തുകിട്ടാഞ്ഞാലച്ഛനോടുമമ്മയോടും
ചീറുമെന്നല്ലപരാധം നൂറുകൂട്ടമുളവാക്കും

അക്ഷരജ്ഞാനവുമില്ല, ആയുധാഭ്യാസവുമില്ല,
രക്ഷശിക്ഷാദികളില്ല, രാജ്യസംസാരവുമില്ല,
വീൎയ്യമില്ലാ വിദ്യയില്ലാ കാൎയ്യബോധം തരിമ്പില്ലാ
ശൌൎയ്യമില്ലാ ശക്തിയില്ലാ ധൈൎയ്യമില്ലാ ധൎമ്മമില്ലാ
സത്യമില്ലാ സാരമില്ലാ കൃത്യമില്ലാ കീൎത്തിയില്ലാ
തത്വമില്ലാ താഴ്ചയില്ലാ സത്വമില്ലാ സാമമില്ലാ
നേരുമില്ലാ നെറിയില്ലാ ചേരുകില്ലാചാരമില്ലാ
പേരുകേട്ടാലത്രം പാരം കഷ്ടമെന്നേ പറയാവൂ.
ദുൎമ്മുഖൻ ദൂഷണൻ ദുശ്ശാസനൻ ദുശ്ശേശ്വരൻപിന്നെ
ദുൎമ്മദൻ ദുൎദ്ദമൻ ദുൎമ്മഷണൻ ദുദ്ധൎഷണൻ താനും
ദുൎമ്മതി ദുൎഗ്ഗതി ദുൎമ്മേധാവഹോ നല്ല ദുൎബ്ബുദ്ധി
ദുശ്ശഠൻ ദുൎഭഗൻ ദുൎയ്യോധനൻതന്റെ സോദരന്മാർ
ദുശ്ശളാ എന്നൊരു പെണ്ണുണ്ടിവൎക്കു പെങ്ങളായിട്ടു;
വിശ്വസിപ്പാനൊരമ്മാവൻതാനുമുണ്ടു, മഹാപാപി
അശ്ശകുനി കുസൃതിക്കു നല്ലപാത്രം, മജ്ജനത്തെ
ദുശ്ശകുനമെന്നപോലെ ദൂരവേ സന്ത്യജിക്കേണം.

എന്തിനിത്രപറഞ്ഞു ദാനവനെന്തു സംഗതിയെന്നുനീ
ചിന്തിയാത്തവനല്ല, നിങ്ങടെ ബന്ധുഞാനസുരൻ മയൻ
കുന്തിതന്നുടെ മക്കളിൽ കനിവുണ്ടെനിക്കതു കാരണാ-
ലന്തികേതവ വന്നു വൈരികളെ ദുഷിക്കയുമല്ലെടോ!
ദന്തിമന്ദിരവാസിയായ സുയോധനാദികളോടഹോ
സന്ധി ചേൎന്നു വസിപ്പതിന്നുകൊതിക്കവേണ്ടധനഞ്ജയ!
ദന്തിരഥതുരഗാദിപടയുടെ വടിവു കൂട്ടി വസിക്കണം
ബന്ധമെന്നിയെ ഝടുതി ചതിപടക്കൂട്ടമരികൾ ധരിക്ക
കോട്ട, വാട കിടങ്ങു, കൊത്തളമിത്തരങ്ങളുറയ്ക്കണം ശ്രീ
കോട്ടമരുതൊരുദിക്കിലും, കരുതീട്ടുതന്നെ വസിക്കണം.
ധാൎത്തരാഷ്ട്രനസൂയകൊണ്ടൊരു പൊറുതിയില്ലൊരു-
(നേരവും
ധാത്രിയൊക്കെയടക്കിവാഴ്‌വതിനെത്രതന്നെ ദുരാഗ്രഹം.

DEFINITORY T. O. C. D.
No. 1259

അത്ര നിങ്ങടെ രാജധാനിവിഭൂതി കേൾക്ക നിമിത്തമാ-
യെത്രതന്നെയസൂയനിങ്ങടെ വൈരികൾക്കു ധനഞ്ജയ!
വത്തമാനമതറിവതിന്നതിഗൂഢചാരജനങ്ങളെ
യാത്രയാക്കിവിടുന്ന പലകുറി ഖലകുലോത്തമനാമവൻ,
ശത്രുഭടജനമത്ര വരുമവരെച്ചതിപ്പതിനിന്നു ഞാൻ
ചിത്രതരമൊരുഭവനമുടനുളവാന്നിഹ വന്നതും,
സ്വൎണ്ണരത്നസഭാപ്രദേശവിശേഷമൊന്നിഹതീൎത്തുഞാൻ
കണ്ണവൈരിയതാം നിനക്കു തരുന്നതുണ്ടു കപിദ്ധ്വജ!
കണ്ടുകൊൾക രിപുക്കളിസ്സഭതന്നിൽ വന്നുകരേറുകിൽ
വെണ്ടകൊട്ടി മറിഞ്ഞുവീണിഹപല്ലുപോമതു നിശ്ചയം
കുണ്ടിലമ്പൊടു വീണുരുണ്ടു വിരണ്ടുഴന്നരിപുക്കളെ-
ക്കണ്ടിരുന്നു ചിരിപ്പതിന്നു തരം വരുത്തുവനേഷ ഞാൻ"

ഇപ്രകാരം മയൻതന്റെ മതംകേട്ടു മഹാവീരൻ
വിപ്രദേവപ്രിയൻപാർത്ഥൻവിസ്മയംപൂണ്ടുരചെയ്തു
"തൽപ്രകാരം സഭ തീർപ്പാൻ ഭാവമുണ്ടു നിനക്കെങ്കിൽ
മൽപ്രസാദം വഴിപോലെ സംഭവിക്കും മഹാത്മാവെ!
അഗ്രജന്റെ തിരുവുള്ളമറിഞ്ഞു ഞാനുരചെയ്യാം
അത്രനേരമൊരുദിക്കിൽ പാൎത്തുകൊൾക മയ! വീര!!"
ഇത്രമാത്രമുരചെയ്തു ധൎമ്മജൻ വാണിരിക്കുന്ന
പത്തനത്തിലകംപുക്കു പാണിക്രപ്പി ഗുഡാകേശൻ
വൎത്തമാനമുണൎത്തിച്ചു കല്പനയുമുളവാക്കി,
വൎദ്ധകിയെ വിളച്ചേവം പറഞ്ഞു ഫൽഗുനൻ മെല്ലെ,
"ശില്പിവീര! മയ! നിന്റെ കൗശലത്തിന്നൊത്തപോലെ
ശില്പമായിട്ടൊരുചാരുസഭാസ്ഥാനം ചമച്ചാലും.
സൽപുരം തീർപ്പതിന്നുള്ള സാധനങ്ങൾ വേണ്ടതെല്ലാ-
മല്പവും താമസിക്കാതെ കോപ്പുകൂട്ടിത്തരാമിപ്പോൾ."
എന്നതുകേട്ടുരചെയ്തു ദാനവാശാരിയും മോദാൽ
"ഒന്നുമിന്നു വിശേഷിച്ചു കോപ്പുകൂട്ടേണ്ടതുമില്ല,

കല്ലുവേണ്ടാ, മരംവേണ്ടാ കല്ലുളിവാച്ചിയും വേണ്ടാ,
നെല്ലുവേണ്ടാ,പണംവേണ്ടാ,തെല്ലുപോലുംവ്യയംവേണ്ടാ
രണ്ടുനാലുദിവസത്തെ ഭക്ഷണം മാത്രമേ വേണ്ടു,
കണ്ടുകൊള്ളാമടിയന്റെ കൗശലങ്ങളിന്നുതന്നെ.
അണ്ടർകോൻനാട്ടിലാശാരിപ്പണിക്കു വിശ്വകർമ്മാവെ-
ന്നുണ്ടൊരു കൗശലക്കാരൻ നല്ലചിത്രപ്പണിക്കാരൻ,
മുന്നമങ്ങേർവിടത്തിലിന്ദിരപ്രസ്ഥമെന്നുള്ള
മന്ദിരത്തെയിപ്രകാരം മന്ദമെന്യേ പണിചെയ്തു.
മന്നിലും വിണ്ണിലും പാർത്താലിപ്പുരത്തിന്നെതിരാകും
മന്ദിരം മന്നവന്മാർക്കില്ലെന്നു ലോകത്രയഖ്യാതം;
അങ്ങനെയുള്ളൊരു രാജധാനിതന്നിലടിയങ്ങൾ
എങ്ങനെ തമ്പുരാന്മാർക്കു പള്ളിമാടം പണിയേണ്ടു?
വാശ്ശുതെന്നാകിലുമൊന്നു തീർത്തു കാട്ടാൻ കുറവില്ല
ഈശ്വരാനുഗ്രഹംപോലെ സംഭവിക്കുമതേ വേണ്ടു"
സാദരമേവം പറഞ്ഞു മയൻഗുരു-
പാദസരോജങ്ങളോർത്തുടനെ,
വേദിയന്മാരെ വണങ്ങി മുദാ നാലു
വേദങ്ങളേയും നമസ്കരിച്ചു
കോടാലികയ്യിലെടുത്തുമെല്ലെ, യൊട്ടും
കേടാതെ തഞ്ചത്തിൽ താണുനിന്നു,
വാടാകെ കോടാലികൊണ്ടൊരു താമസം
കൂടാതെ വെട്ടീ മഹീതലത്തിൽ
തെല്ലുപിറകോട്ടു മാറിനിന്നു, പത്തു
കല്ലു ജപിച്ചങ്ങെറിഞ്ഞളവെ
മെല്ലെന്നു ഭൂമി പിളർന്നു പുറപ്പെട്ടു
നല്ലൊരു പൊന്മണി മൗലികുംഭം;
ഉത്തുംഗഗോപുരശൃംഗങ്ങളും നിന്നു
കത്തുന്നതീക്കനലെന്നപോലെ;
പത്തരമാററുള്ളതങ്കപ്രകാശത്തെ

കുത്തിക്കവെന്ന നിറംകലരും
പത്തനപങ്ക്തി നിരക്കെപ്പുറപ്പെട്ടു
പത്തുദിക്കൊക്കെ പ്രകാശത്തോടെ;
മുത്തും പവിഴം മരതകം മാണിക്ക-
മൊത്തു വിളങ്ങും മതിലുകളും;
അച്ഛസ്പടികപ്രദേശങ്ങളും, പിന്നെ
സ്വച്ഛങ്ങളാകും തടാകങ്ങളും,
പച്ചക്കല്ലൊത്ത നിലത്തൊഴുകും നദീ.
കച്ഛത്തിലുത്തമവൃക്ഷങ്ങളും,
ഉച്ചത്തിലുള്ളോരെഴുനിലമാടങ്ങൾ,
മെച്ചത്തിൽ മാളികവീഥികളും,
മച്ചുമറകളും മാടപ്പുരകളും,
മററും പലപല ഗേഹങ്ങളും,
കൊട്ടിലും, കട്ടിലും, മേക്കട്ടി, മെത്തകൾ
തട്ടും പതിനെട്ടു കെട്ടുകളും
പട്ടുകൾകൊണ്ടു വിതാനങ്ങളും, മണി-
ക്കോട്ടത്തളങ്ങൾ പുറത്തളവും,
നാടകശാലകൾ വാടകിടങ്ങുകൾ
ചേടകചേടികൾവീടുകളും,
ഹേലാടകശാലകൾ, ഹാടകശാലകൾ
പാഠകശാലാവിശേഷങ്ങളും,
അട്ടങ്ങളും മണിഘട്ടങ്ങളും പല,
ചട്ടങ്ങളിങ്ങനെ ഭംഗിയോടേ
പെട്ടെന്നുവന്നു പ്രകാശിച്ചു വിസ്മയ-
മൊട്ടല്ല പൊട്ടല്ലിതോന്നുമഹോ!
വെള്ളപ്പളുങ്കു പതിച്ചുള്ള തോട്ടുകൾ
വെള്ളം നിറഞ്ഞങ്ങു നിൽക്കുന്നേരം
ഉള്ളിലെ സ്വച്ഛത കൊണ്ടിപ്രദേശത്തു
വെള്ളമില്ലെന്നു ഭ്രമിച്ചുപോകും.

വെള്ളമില്ലാത്ത പ്രദേശങ്ങളിൽ പിന്നെ
വെള്ളം വളരെയുണ്ടെന്നും തോന്നും,
ഉള്ളം ഭ്രമിപ്പിപ്പാനുള്ളവിധം പുന-
രുള്ളതശേഷമവിടെക്കാണാം.
കള്ളം മനക്കാമ്പിലുള്ള ജനത്തിൻെറ
തള്ളലും തുള്ളലും നിൎത്തീടുവാൻ
കള്ളപ്രയോഗങ്ങളിങ്ങനെ നിൎമ്മിച്ചു;
കള്ളനേ കള്ളമറിഞ്ഞുകൂടു.
ഭാരമില്ലാത്തൊരു ഭിത്തികളിൽപിന്നെ
ഭാരമുണ്ടെന്നും ഭ്രമിച്ചുപോകും;
സാരമില്ലാത്ത ജനങ്ങൾ വന്നാലിഹ
പാരമുഴന്നു വലഞ്ഞുപോകും.
പിന്നെ കതകുള്ള ദിക്കിൽ കതകുക-
ളില്ലെന്നുബോധിച്ചു മാറിപ്പോരും;
അന്യത്ര വാതിലെന്നോൎത്തങ്ങവിടത്തിൽ
ചെന്നു തലതല്ലി വാങ്ങിപ്പോരും
കുണ്ടുള്ള ദിക്കുകൾ കണ്ടറിയത്തില്ല.
കുന്നുള്ള ദിക്കുമവ്വണ്ണംതന്നെ;
പണ്ടുള്ളതൊക്കെ മറിച്ചു കല്പിച്ചതു
കണ്ടു നടക്കേണമെല്ലാവരും.
തണ്ടുതപ്പിത്തരം കാട്ടുന്ന കൂട്ടത്തെ
കൊണ്ടു തരംകെടുത്തീടുമിപ്പോൾ
കണ്ടകന്മാരെയും കശ്മലന്മാരെയും
ചെണ്ടകൊട്ടിപ്പാനിവണ്ണമാക്കി.
കണ്ടവൎക്കാൎക്കുമൊന്നും വന്നു കരേറുവാൻ
പണ്ടത്തെപ്പോലെയെളുതല്ലിപ്പോൾ
സ്ഥായിക്കാരന്മാരെക്കൂടാതൊരുത്തൎക്കും
കോയിക്കൽചെന്നു കരേറിക്കൂടാ.
ഓതിക്കന്നമ്പൂരിമാരെങ്കിലുമങ്ങ

ബോധിക്കാതുള്ളിൽ കടപ്പാൻമേലാ.
നോക്കുന്നദിക്കിലെ വാതുക്കൽ വാതുക്കൽ
തോക്കും പിടിച്ചുള്ള കാവൽക്കാരും
പാക്കുന്നതുണ്ടതുകൊണ്ടിസ്സഭതന്നി-
ലാക്കും കരേറുക സാദ്ധ്യമല്ല.
സവ്വാധികാരിയക്കാരനേയും തട്ട-
പ്പാനവക്കൊരു ശങ്കയില്ല;
ഗവ്വാഭിമാനങ്ങളൊന്നും ഫലിക്കയി-
ല്ലവ്വീശശാങ്കൻെറ മന്ദിരത്തിൽ
വിസ്താരമുള്ള സഭതന്നിൽ കേറുവാ-
നത്താരും കൂടാതെളുതല്ലിപ്പോൾ
മൂദ്ധാഭിഷിക്തരായുള്ള നൃപന്മാരു-
മൂഢ്വമായ്പോകുമിവിടെ വന്നാൽ,
ധമ്മങ്ങൾകൊണ്ടു ജഗത്തു ജയിച്ചൊരു
ധമ്മാത്മജന്നു വസിച്ചരുളാൻ
ശമ്മാനുകൂലം ചമച്ചുസഭാ വിശ്വ-
കമ്മാവിനേക്കാൾ വിദഗ്ദ്ധൻ മയൻ.
സന്മാനുഷന്മാർ വരിഷ്ഠൻ യുധിഷ്ഠിരൻ
സമ്മോദമോടേ മയാസുരന്ന്
സമ്മാനമോരോന്നു പട്ടും, വളകളും
സംപൂണ്ണമാം ദിവ്യരത്നങ്ങളും,
കങ്കണം, മാല, കടകം പതക്കവും,
തങ്കപ്പണിമണികുണ്ഡലങ്ങൾ.
കങ്കണം, കാഞ്ചി, കടിസൂത്രമുത്തമം.
കൈവിരൽമോതിരം, ചാരുഹാരം
മംഗലാലങ്കാരസാരമാകും വീര-
ശൃംഖലാരത്നങ്ങൾ രണ്ടുകൈക്കും
ഇങ്ങനെയൊക്കെക്കൊടുത്തു തെളിയിച്ചു
ഭംഗിയോടഞ്ജസാ യാത്രയാക്കി

ഭീമനും, പാൎത്ഥനും, താനും, നകുലനും,
കോമളാകാരൻ സഹദേവനും
കാമിനീദ്രൗപദീ, കുന്തീ, സുഭദ്രയും
കൗതുകത്തോടേ സഭാപ്രവേശം
നല്ലൊരുനേരത്തു പാലുകാച്ചിക്കൊണ്ടു
മെല്ലെന്നകംപുക്കു വാണീടിനാർ.
ദാനം പ്രതിഗ്രഹം സൎവ്വാണിയെന്നുള്ള
നാനാപ്രകാരേണ ധൎമ്മങ്ങളും
ആനന്ദസൽക്കാരമന്നദാനങ്ങളു-
മന്‍പോടുചെയ്തു സുഖിച്ചുവാണു.
ശ്രീകൊണ്ടു വിളങ്ങുന്ന ശ്രീകൃഷ്ണൻ ഭഗവാനും,
ശ്രീരാമൻ ഭഗവാനും, വീരൻ സാത്യകിതാനും,
യാദവാധിപന്മാരുമേതാനും പ്രജകളും
മോദാലസ്സഭകാണ്മാൻ മോഹിച്ചു തദാ വന്നു
പഞ്ചപാണ്ഡവന്മാരും, പാഞ്ചാലി, സുഭദ്രയും
വാഞ്ഛരാപൂൎവ്വകംചെന്നു വന്ദിച്ചു വഴിപോലെ
പഞ്ചാസ്യോപമന്മാരാം രാമകേശവന്മാരെ
മഞ്ചാഗ്രേ വസിപ്പിച്ചു മാനിച്ചു മഹാരാജൻ.
പാദക്ഷാളനംചെയ്തു പൂജിച്ചു വിധിയോടെ,
പാദാംബുമഹാതീൎത്ഥം മൂൎദ്ധാവിലേററുകൊണ്ടു,
നാലഞ്ചു പ്രദക്ഷിണം വച്ചു വന്ദനംചെയ്തു,
ലീലാമാനുഷന്മാരോടേവം ധൎമ്മജൻ ചൊന്നാൻ;
"കൃഷ്ണ!രാമ!മുകുന്ദ!മാധവ!വാസുദേവ! നമോസ്തു തേ
വൃഷ്ണിവീര! വിരിഞ്ചവാസവവന്ദനീയ!നമോസ്തു തേ
ജിഷ്ണുതന്നുടെ ബന്ധുവാകിന വിഷ്ണുദേവ! ഭവാനഹോ
ധൃഷ്ണുസൎവ്വസഹിഷ്ണു, വിശപ ചരിഷ്ണുഭൃഷ്ണ ജഗന്നിധേ,
ഇഷ്ടികൊണ്ടതിതുഷ്ടനാകിന വിഷ്ടപാധിപനേ ഭവാൻ
വൃഷ്ടികൊണ്ടിഹ പുഷ്ടി നൽകുമതഷ്ടിഹേതു നമുക്കഹോ.
സൃഷ്ടികാരണമിഷ്ടപൂരണമഷ്ടമൂൎത്തിനിഷേവിതൻ,

ശിഷ്ടപാലനദുഷ്ടനാശന പുഷ്ടപൌരുഷനേഷ നീ,
മാരസമസുകുമാര, പശുപകുമാര, യദുകുലവീര, വിമലഗം
ഭീര മധുരശരീര, മഹിത, സുധീരമരതകസാരഘനരുചി-
പൂര, വിഗതവികാര, വിശദവിചാര, വിമല നികാരനിര-
സന-
ധുരനിജപരിവാരമിളത വിഹാരതരളിതഹാര ജയജയ.
ലോലതരവനമാല തുലിതതമാല പരമനുകൂല കനകദു-
കൂലകലിഹരശീല കലിതസുലീല ജലധരനീല പശുകുല-
പാലവിശദകപോലസുവിപുലചേലസുഖിതകുചേല
യദുനര
പാലപരമവിശാല ഗുണഗണശാല സുചരിതജാല ജയ-
ഇപ്രകാരമനേകകീർത്തനമാശുചെയ്തു യുധിഷ്ഠിരൻ (ജയ
ക്ഷിപ്രമംബുജനേത്രനെത്തൊഴുതത്ര നിന്നു ദശാന്തരെ
പ്രാകൃതക്കവി ചൊല്ലുവാൻവിരുതുള്ളൊരന്തണപുങ്
ഗവൻ
ലോകനാഥനെ വന്നുകൂപ്പി വണങ്ങിനിന്നു പുകഴ്ത്തിനാൻ
പദ്മണാഹണ്ണമേ-ണമൊ തുഹപങ്കയഖ് കണമോണ
യദുകുമാളിതമാളണീളശളീളവീളണ്ണമോണ്ണമൊ (മൊ
മശീണാഘ്ലുശ്.ണശീണിഥ മണ്ഡണ്ണമജ്ജ്ത്ഥണാഹണ്ണ-
(മോണ്ണമൊ
കശണകഞ്ചണവൾണ ചഞ്ചളണയണതുജ്ത്ഥണമോ
(ണമൊ
ള ളിയകളയളകളിയഘണ്ണമണിവളയണിയളണമോ
ണമൊ
തുളിയമളഗയ തണയപണിഹിയകണയഭ്രതണമോ
ണമൊ
അളീയമാണശ, ശളശമാണശ, ഗളിയദോശ, ണമോ
ണമൊ
മിളിയശ്രുമഹ്ഹളബഹ്ഹള ശ്രുന്ദളളവയിവൃന്ദണമോണമൊ

വളയഗുണനഗണങ്ങിളയജീയമഹിവള്ളയകഹ് ണനനമോ
ണനമോ
വിള്ളയവിള്ഹിയ്കള്ളയമയിദയഃമള്ളൂണ ചള്ളീണനനമോ
ണനമൊ
പ്പുളയ്പഹമള തള്ളൂണികയ്പളീള്ളംഭള്ളോളണ്മോണനമൊ
ണിള്ളീയണീപഢ്ണവിള്ളീയമവ്ഹള്ളീമഹമഹേശണമോ
ണനമൊ
കുന്ദശ്രുന്ദളമന്ദഹാശ മുകുന്ദശോളീണമോണനമൊ
ചന്ദിവയ്ണ്പുള്ന്ദള്ളാദിശ്രുള ച്ഛ്രിയ്ചലിണമോണനമൊ
ണന്ദണന്ദണ്ചന്ദണ്ാമള് ശീയ്ശീള്ണമോണനമൊ
വന്ദണീജ്ജകളിന്ദജായ്ഡ്കേളികാളണമോണനമൊ.

ഹസ്തിനപുരംതന്നിലത്തുകാലം വഴിപോക്കർ
അത്താഴത്തിന്ന വന്നു കൊട്ടിൽകേറി സ്ഥലംവച്ചു.
പട്ടന്മാർ പരിഷ്ക്കാർ മടപ്പള്ളിദ്വിജന്മാരും
വട്ടങ്ങൾ തെളിയിച്ചു വെളിവിലങ്ങിലവച്ചു
മൃഷ്ടഭോജനം നല്ല കറിയുംഭ്രസ്സരന്മാൎക്ക-
ങ്ങിഷ്ടത്തിന്നൊത്തപോലെ വിളമ്പി ഭുക്തിചെയ്യിച്ചു;
അഷ്ടിയുംകഴിച്ചുകൊണ്ടലസാതേ വഴിപോക്കർ
കൊട്ടിലിൽതല്ലംകേറിയിരുന്ന വെററിലതിന്നു,
രെട്ടും കമ്പിളിയെല്ലാം വിരിച്ചു പാളയം പോട്ടു,
പാട്ടും പാടിയോരോന്നേ പറഞ്ഞങ്ങു ശയിക്കുമ്പോൾ
പാന്ഥന്മാരുടെ പാട്ടും പരിഹാസങ്ങളും കേൾപ്പാൻ
താൻതന്നെ പുറപ്പെട്ടു ധൃതരാഷ്ട്രാത്മജശ്രേഷ്ഠൻ
അമ്മാവൻ ശകുനിയും സഖിയാം കൎണ്ണനുംകൂടേ
തന്മാൎഗ്ഗേ പുറപ്പെട്ടു തരസാ മൂവരുംകൂടി
ഗൂഢമായൊരുദിക്കിലിരുന്നുകൊണ്ടിരപാക്കും
മൂഢാത്മാക്കളെപ്പോലെ ശ്രവിച്ചു പാന്ഥസംസാരം
തങ്ങളിൽ പഥികന്മാർ പറയുന്നു പലവാക്യം.

“എങ്ങുന്നു വരുന്നതാൻ? വഴിപോക്കദ്വിജ! ചൊൽക”
“ഇന്ദ്രപ്രസ്ഥമെന്നുള്ള നഗരംതന്നിൽനിന്നിപ്പോൾ
ഇന്നത്തെ പ്രാതലൂണും കഴിച്ചിങ്ങു വരുന്നഞാൻ”
“ധർമ്മനന്ദനൻതാനും സഹജന്മാരുമെല്ലാരും
സമ്മോദിച്ചവിടത്തിൽ വസിക്കുന്നില്ലയോ വിപ്ര?”
(ധർമ്മത്തിന്നൊരുനാളും കുറവില്ലാത്തവൎക്കുണ്ടോ
സമ്മോദത്തിനു ഹാനി വരുന്നു ജീവനുള്ളപ്പോൾ)
“ഊട്ടുണ്ടോ വഴിപോലെ വഴിപോക്കൎക്കവിടത്തിൽ?”
“ഊട്ടിൻെറ വിധമെല്ലാമുരപ്പാൻ നേരമില്ലിപ്പോൾ;
ഊട്ടുകോലാഹലമെല്ലാം കേട്ടുവെങ്കിൽ ഭവാൻതൻെറ
കെട്ടുമാറാപ്പുകൾ തോളിലിട്ടുകൊണ്ടു പുറപ്പെട്ടു
കൊട്ടിലേറിസ്ഥലംവയ്യാനൊട്ടുമേതാമസിക്കില്ല.
പട്ടരച്ഛാ, പരമാൎത്ഥം കേട്ടുകൊൾക മഹാത്മാവേ!
കുറുതായുള്ളരിച്ചോറും, നറുനെയ്യും, മലയാള-
ക്കറിനാലും, നല്ലപാലും, വറുത്തുപ്പേരിയോലോലൻ
ചെറുനാരങ്ങ, മാങ്ങായും, നറുപകപങ്ങളും കണ്ണൻ-
പഴം, വണ്ണൻപഴം, കാളിപ്പഴം, നേന്ത്രപ്പഴം, ചിങ്ങൻ-
പഴം, കദളിപ്പഴം, പൂവൻപഴം, ചക്കപ്പഴം,മാങ്ങാ*പ്പഴംപിന്നെ
പരിപ്പുംപച്ചടിച്ചാറും, കരുമ്പിന്നീർ ഗുളംതേനും
വല്യപപ്പടം, ചെറിയപപ്പടം, പഞ്ചതാര
വേപ്പിലക്കട്ടി ഇഞ്ചിതൈർഅച്ചുക്കൂട്ടം പൊടിത്തൂവൽ
താളകം താവളം പിന്നെ താളുകൊണ്ടു പുളിശ്ശേരി
നല്ലതൈരും, നല്ലമോരും; നല്ലസംഭാരവും ഞാനി-
ച്ചൊല്ലിയതൊന്നുമേ ഭോഷ്കല്ലച്ഛനാണേ പരമാൎത്ഥം.
അത്താഴത്തിനു നല്ല കാളനും കാച്ചിയമോരും,
കത്തിരിക്കാക്കറിയതും, കണ്ണിമാങ്ങാ, യുണക്കിച്ചി.

*മറുപുസ്തകപ്രകാരം ഇവിടെ കുറെ പാഠഭേദമുണ്ടു്.

മത്തൻകൊണ്ടൊരുക്കൂട്ടം തോലെരിശ്ശേരിയും നല്ല-
പുത്തൻകുമ്പളങ്ങാകൊണ്ടൊരുക്കൂട്ടം പുളിമുളകും;
അത്താഴം കഴിയുമ്പോളടയ്ക്ക, വെററില നൂറും
അത്യാവശ്യമുള്ളോക്ക് പുകയിലക്കൂടെയുണ്ട്,
നിത്യമിങ്ങനെ ചട്ടം നീക്കമില്ലങ്ങൊരുനാളും,
സത്യം ധമ്മരാജൻെറ ധർമ്മമത്രെ ധർമ്മമിപ്പോൾ;
ആറുമാസമോരാണ്ടമവിടത്തിൽ പാത്തുകൊണ്ടാൽ
ചോറുമെണ്ണയും കിട്ടുമുടപ്പാൻ വസ്ത്രവും കിട്ടും,
ഞായറാഴ്ച വാവുരണ്ടും ഒരിക്കലൂണുള്ളവക്ക്
വേറായിട്ടൊരുദിക്കിൽ പലഹാരത്തിൻെറ വട്ടം,
അടയുമപ്പവും ദോശ വടയുമിഡ്ഢലി, ചീടാ
കടിയന്മാരിടിക്കുന്നോരവലും, ശക്കര, തേങ്ങാ
മുറുക്കും, തേൻകുഴമ്പും, നൽപ്പരിപ്പുതേങ്ങയും നെയ്യിൽ
വറുക്കുംറൊട്ടിയും നല്ല മലരും, പഞ്ചതാരയും
കുറുക്കി ക്ഷീരവും തേനും പാനകം ഞാനിത്തുസവും
ചുരുക്കിച്ചൊല്ലിനേനിപ്പോൾ വിസ്തരിപ്പാൻ നേരമില്ല.
ഉറക്കം വന്നീലയെന്നാലിനിയും ഞാനുരചെയ്യാം
മറക്കാതെ മനക്കാമ്പിൽ കിടക്കുന്നു നമുക്കെല്ലാം
... ... ... ... ... ...
... ... ... ... ... ...
നേരംപോക്കിനു വേണ്ട ആരംഭം പലതുണ്ട്
ഓരോദിക്കിലോരോരോ ഘോഷങ്ങളതുകാണാം.

പന്തുമാട്ടുക, ചിന്തുപാട്ടുക, പകിടകളി, ചതുരംഗവും
പന്തണിക്കുളിർകൊങ്കമാരുടെ പട്ടുതടവിനനടനവും
ചന്തമേറിന ചാക്കിയാരുടെ കൂത്തുമൊരുവക മേളവും
കുന്തമേറുകൾ തപ്പുകൊട്ടുകൾ ചെപ്പടികളികലശവും
പാണ്ടിമേളമുരുട്ടുചെണ്ട കുറുംകുഴൽ ഇടി താളവും
ആയിട്ടാട്ടവുമായുധക്കളി പാഠകം പല ചാട്ടവും
തിത്തിമദ്ദളവേണുവീണകൾതിമിലതകിൽമുഖവീണയും

കുത്തിവച്ചോരുപാവകളികളുമഖില ദിശിബഹുവിസ്മ
(യം.
ഇത്തരംബഹുഘോഷമെപ്പോഴുമവനിപതിയുടെ മന്ദിരേ
ചിത്തരംഗസുഖത്തിനുള്ളൊരു സരണി പലവിധമുണ്ടെ
ടോ
ഇപ്പറഞ്ഞതിലേററമിപ്പോഴൊരത്ഭുതം പുനരത്ഭുതം
ശില്പശാസ്ത്രവിദഗ്ദ്ധനായമയാസുരൻ ബഹുബുദ്ധിമാൻ
അന്തഃപുരത്തിലിറങ്ങിവന്നു വിചിത്രമായ സഭാസ്ഥലം
ശില്പമായ്പണിചെയ്തുനൽകിയുധിഷ്ഠിരന്നതിവിസ്മയം
മുന്നമർജ്ജുനനവനുവന്നൊരു സങ്കടത്തെയൊഴിച്ചുപോ
(ൽ
എന്നതിന്നിഹപകരമുപകൃതി ചെയ്‌വതിന്നിതു ചെയ്തു
(പോൽ
മന്നിടങ്ങളിലൊന്നിലും പുനരിപ്രകാരമൊരാലയം
പിന്നെ മറെറാരുദിക്കിലില്ല തരിമ്പു സംശയമില്ലെടോ!
അമരവരനുടെ നഗരമാമമരാവതിക്കു നിറം കെട്ടും
അമരുമതിനുടെ ഡംമരമിതു ബതകണ്ടുവെങ്കിലസംശയം
അമലമണിഗണകനകഘനതരരുചിരരുചിരശോഭനം,
കമലയുടെകുലഭവനമതുബത ജയതി ശിവശിവ ശങ്കര
സ്ഥായിയില്ലവിരിഞ്ചദേവനുനമ്മളിൽ പൊളിയല്ലെടോ!
അമരവരനുടെ നഗരമാമരാവതിക്കു നിറം കെട്ടും
അമരുമതിനുടെ ഡമരമിതു ബത കണ്ടുവെങ്കിലസംശയം
അമലമണിഗണകനകഘനതരരുചിരരുചിരശോഭനം,
കമലയുടെ കുലഭവനമതുബത ജയതി ശിവശിവ ശങ്കര!
സ്ഥായിയില്ലവിരിഞ്ചദേവനു നമ്മളിൽ പൊളിയല്ലെടോ!
ആയിരം നയനം നമുക്കു തരാഞ്ഞതെന്തു മഹാശഠൻ.
ആയതിന്നുടനുകൊണ്ടുചെന്നു കൊടുത്തിതിനു വൃഥാഫലം
ആയവൻ പുനരത്രവന്നിതു കാൺകയില്ലതിനീരസൻ.

രണ്ടുകണ്ണുകൾകൊണ്ടു കണ്ടതുകൊണ്ടെനിക്കൊരുതൃപ്തി-
(യി
ല്ലുണ്ടർകോനൊടു ചെന്നിരന്നതു കൈക്കലാക്കുകകൂട്ടമോ
രണ്ടുവാക്കു നമുക്കു നഹിനഹി,പണ്ടുമിപ്പൊഴുമേഷഞാൻ
കണ്ടുകേട്ടറിയുന്നല്ലിതുപോലെ മറെറാരുമന്ദിരം
ഹസ്തിനം പുരമെത്രവിസ്മയമെന്നുഭാവമിവക്കഹോ.
വസ്തുബോധവിശേഷമില്ല സുയോധനാദികൾ നൂററിനും
ഹസ്തിയും പുനരാട്ടമൊക്കെമതെങ്കിലതുമിതുമൊരുവിധം
വിസ്തരിച്ചതുപോരുമിവരിതു കേട്ടവെങ്കിലബദ്ധമാം"
"എന്തബദ്ധമെനിക്കൊരിത്തിരിപേടിയില്ലവരെസ്സഖേ
അന്തണർക്കൊരുദിക്കിലും തടവില്ല വല്ലതുമോതുവാൻ"
"എന്തുനിശ്ചയമിപ്പൊളുള്ള പ്രഭുക്കടെ തൊഴിലൊരുവി-
ധം,
ചിന്തയിൽ കനിവില്ലക്കത്തു കരുതിനിൽക്കണമേവനും"
"എങ്കിലസ്തു സുയോധനൻ മമ വസ്തുവന്നു വിലക്കുമോ?"
"ശങ്കിയാത്ത ജനത്തിനല്ലൽവരുത്തുവാൻതടവില്ലെടോ"
"എൻെറദിക്കിലിവൻെറ ശക്തിനടക്കയില്ല മഹീസുര!"
"ഏതുമാകുമറിഞ്ഞുകൂട മറിഞ്ഞുകാലമതോക്കണം"
ഇത്ഥമോരോവിശേഷങ്ങൾപറഞ്ഞു പാന്ഥവിപ്രന്മാർ
അർദ്ധരാത്രികഴിഞ്ഞപ്പോളുറക്കം വന്നുബാധിച്ചു
ഒട്ടുകൂർക്കം വലിച്ചുംകൊണ്ടുരിയാട്ടങ്ങളും മാറി
കെട്ടുഭാണ്ഡം തലയ്ക്കും വച്ചുറങ്ങീയൊക്കവേക്കൂടെ
മറിഞ്ഞുകേട്ടിരിക്കുന്ന ധൃതരാഷ്ട്രാത്മജനുള്ളിൽ
നിറഞ്ഞു കോപവുമിത്ഥം പറഞ്ഞു മാതുലനോട്:—
"അറിഞ്ഞോ മാതുല! നമ്മേ ദുഷിക്കും ദുഷ്ടപാന്ഥന്മാർ
പറഞ്ഞോരക്ഷരമെല്ലാമബദ്ധം ശുദ്ധമേ ബോഷ്ക്,
കറിയും ചോറുമാശ്ചര്യം, കളിയും പാട്ടുമാശ്ചര്യം,
അറയുംമച്ചുമാശ്ചര്യം; പറയും വാക്കുമാശ്ചര്യം,
ഒരുവസ്തു വഷളായിട്ടില്ലപോലാ പുരം തന്നിൽ,

ഒരുക്കൂട്ടം ദുരാത്മാക്കൾക്കിന്നതേ നല്ലുവെന്നില്ല
കൂറുകൊണ്ടു പറയുന്ന വാക്കിനെന്തുത്തരംവേണ്ടു?
ചോറുകൊണ്ടുസ്തുതിക്കുന്ന ചോഴിയബ്രാഹ്മണന്മാരെ
വാറുകൊണ്ടു തല്ലുകൂട്ടാനൊട്ടുമേ യോഗ്യമല്ലല്ലോ
ഏറുകൊണ്ടു മണ്ടുമിപ്പോൾ മറ്റൊരുത്തൻ പറഞ്ഞെ-
(ങ്കിൽ,
ചോറുതിന്മാനിവിടത്തിൽ, കൂറു കുന്തീസുതന്മാരിൽ
നൂറുകൂട്ടമപരാധം നമുക്കും സോദരന്മാർക്കും
പോറകൾക്കങ്ങൊരുവാലും തലയുമില്ലതുകൊണ്ടി-
ങ്ങിറവന്നാലെന്തുചെയ്യാം? അടങ്ങിപ്പാർക്കയേയുള്ളു"
പറഞ്ഞു മാതുല-"ഉണ്ണീ! കുറഞ്ഞൊന്നു ക്ഷമിച്ചാലും
മറഞ്ഞു കേട്ടവൃത്താന്തമറിഞ്ഞില്ലെന്നു വെയ്ക്കേണം.
തനിക്കാംപോന്നവർക്കെല്ലാംമനക്കാമ്പിൽസ്ഥിരംവേണം
അനക്കാതങ്ങിരുന്നുംകൊണ്ടിനിക്കാര്യം വിചാരിക്കാം
മിനക്കേടു സഹിക്കാഞ്ഞാൽ കനക്കേടു ഭവിച്ചേക്കും.
നിനക്കേതുമിതുകൊണ്ടു മനഃക്ലേശം വരാനില്ല
എനിക്കത്രേരിപുപ്രൗഢി നിനയ്ക്കുമ്പോൾ സഹിക്കാത്തു
പതുക്കെ പാണ്ഡവന്മാരെച്ചതിക്കുന്നുണ്ടു ഞാനുണ്ണീ!
കൊതിക്കും വസ്തുസാധിപ്പാനതിക്ലേശം നമുക്കില്ല.
എതിരിട്ടുവരുന്നോരെ ചതിക്കൂട്ടം ശകുനിക്കി-
ക്ഷിതിതന്നിലൊരു മാറ്റാരെതിരില്ലെന്നറിഞ്ഞാലും
പ്രതിമല്ലക്ഷിതിപാലക്ഷതിനോക്കി സ്ഥിതിചെയ്യു-
ന്നതിന്നിങ്ങു നതിയില്ല, മതിതന്നിലതിനുള്ള
ഗതിയുണ്ടു, ചതിയുണ്ടു മതിമാൻ ഞാൻ മതിയാകും.
അതിരേകം കൊതിയുമുണ്ടതിനൊത്ത വൃദ്ധിയുമു-
ണ്ടതിൽക്കൂടെസ്ഥിതിചെയ്ക മതിഭൂമീപതിവീര!
പതിനെട്ടുവിധം മായാപ്രയോഗങ്ങളുണ്ടെനിക്ക്
ഉറക്കം വന്നുവെങ്കിൽപോയുറങ്ങിക്കൊൾകനീയുണ്ണീ!

നിറക്കേട്ടവരികില്ലെന്നുറച്ചുകൊൾക നീ വീര!
ഉറക്കത്തിൽ പണിക്കത്തം തനിക്കുമില്ലെനിക്കുമി-
ല്ലുറക്കൊട്ടിലകം പുക്കാൽ നമ്മളെല്ലാമൊരുപോലെ”
ഇപ്രകാരമുരചെയ്തു ശകുനികർണ്ണനുംകൂടെ
സ്വപ്രദേശംപ്രവേശിച്ചു ശയിച്ചു നിദ്രയുംപൂണ്ടു
ദുഷ്പ്രഭുത്വം പെരുത്ത ദുര്യോധനൻതൻപുരം പുക്കു
സപ്രകാശം തല്പമേറിശ്ശയിച്ചു സമ്മദത്തോടേ.
അന്തണന്മാർ പറഞ്ഞോര സഭാസ്ഥാനപ്രഭാവത്തെ
ചിന്തചെയ്തങ്ങസൂയകൊണ്ടുറക്കവും വരുന്നില്ല
വെട്ടമങ്ങുതുടന്നപ്പോളെഴുന്നേററുപുറത്തുവ-
ന്നിഷ്ടബന്ധുക്കളെയെല്ലാം വിളിച്ചങ്ങു വിചാരിച്ചു
“ദുർമ്മുഖ! ദൂഷണ! ദുഃശ്ശാസന! ദുഃശ്ശശാര! വാടാ!
ധർമ്മജന്റെ പുരംതന്നിലുണ്ടുപോലത്ഭുതം കിഞ്ചിൽ
വെൺമഴകൊണ്ടവനിയിൽ വെട്ടിപോൽ ദാനവാ-
ശാരി,
വെണ്മചേരും സഭാസ്ഥാനം തീർന്നുപോലപ്പൊഴേ തന്നെ
കർണ്ണനെങ്ങു? വരികനീ നമ്മുടെ മാതുലനെങ്ങ്?
വർണ്ണിതമാകുമാസ്ഥാനം ചെന്നുകണ്ടു വരേണ്ടായോ?
ഭോഷ്ക്കുതന്നെ വഴിപോക്കർ പറഞ്ഞതെന്നുടെപ-
(ക്ഷം,
വാക്കുകൊണ്ടു ഫലിപ്പിപ്പാനന്തണന്മാക്കൊരുമൊക്കാ,
വല്ലതെന്നാകിലുമിന്ദ്രപ്രസ്ഥമാംപത്തനംതന്നിൽ
വല്ലഭത്വം നടിച്ചവൻമക്കളെക്കണ്ടുപോരേണം,
ധർമ്മജൻ നമ്മുടെജ്യേഷ്ഠൻ, ഭീമസേനാദികൾ നാലും
നമ്മുടെ സോദരന്മാരുമങ്ങനെ ചാർച്ചയുണ്ടല്ലോ
അജ്ജനത്തോടിങ്ങു വൈരം, ഇജ്ജനത്തോടങ്ങുവൈരം
സജ്ജനങ്ങൾക്കൊരുപോലെ ബോധമീവർത്തമാനങ്ങൾ,
അർജ്ജുനൻഅഗ്രജനാകും ഭീമസേനൻ മഹാദുഷ്ടൻ

ലജ്ജകൂടാതവൻ നമ്മെ വാലെട്ടം തത്രചെന്നാൽ."
"പൊണ്ണനാം ഭീമനെത്തെല്ലും ഭീതിയില്ല നമുക്കുള്ളിൽ
അണ്ണനെന്തിന്നുക്രസുന്നു"എന്നു ദുശ്ശാസനൻചൊന്നാൻ.
കണ്ണനുമങ്ങനെ പക്ഷം, ശകുനിക്കുമേതു പക്ഷം,
നിണ്ണയിച്ചു പുറപ്പാട്ടു കൂട്ടി ദുര്യോധനനപ്പോൾ.
താതനോട്ടു യാത്രചൊൽവാനൊരുമ്പെട്ടു നൂററുപേരും
ജാതമോദം ശകുനിയും കണ്ണനുമാദരവോടെ.
ജനകനും കണ്ണുകാണാ, ജനനിക്കും കണ്ണുകാണാ,
തനയന്മാരരികത്തു ചെന്നു കൂപ്പിച്ചുമച്ചപ്പോൾ,
"ചുമയ്ക്കുന്നാരെടാ"യെന്നു ധൃതരാഷ്ട്രഗിരം കേട്ടു
"ചുമയ്ക്കുന്നതടിയങ്ങ"ളെന്നവരുമുണത്തിച്ചു,
"ഉണ്ണികൾക്കെന്തൊരുദ്യോഗം?"എന്നുതാതൻ; "അടി-
കണ്ണു രണ്ടും സഫലമാക്കീട്ടുവാനായ്തുടങ്ങുന്നു' (യങ്ങൾ
"മക്കളെ! നിങ്ങടെ വാക്കിനർത്ഥമുണ്ടായിലെ"ന്നച്ഛൻ,
"മിക്കവാറുമുണത്തിക്കാമർത്ഥമുണ്ടായിലെ"ന്നച്ഛൻ,
"മിക്കവാറുമുണത്തിക്കാമർത്ഥമുണ്ടായിലെന്നാകിൽ.
ധമ്മജന്റെ പുരം തന്നിലുണ്ടുപോലുമൊരാശ്ചര്യ്യം,
രമ്യമാകും സഭാസ്ഥാനം തീത്തുപോൽ ദാനവാശാരി;
അധ്വഗന്മാർ പറഞ്ഞേവം കേട്ടു ഞങ്ങളതു കാണ്മാൻ
അത്രനിന്നു പുറപ്പെട്ടു ജനകൻ സമ്മതിക്കേണം.
അതു കാണാത്തവരുടെ കണ്ണുരണ്ടും പാഴിലെന്നു
പഥികന്മാർ പറയുന്നു പാത്തുകണ്ടാലറിഞ്ഞീടാം"
"എങ്കിലെൻമക്കളേ! ചെന്നു കണ്ടു വേഗേന പോന്നാലും
ശങ്കവേണം മനക്കാമ്പിൽ ശത്രുരാജ്യത്തു ചെല്ലുമ്പോൾ.
ഇജ്ജനത്തെയവക്കാക്ക മിഷ്ടമില്ലെന്നറിഞ്ഞാലും
അർജ്ജുനൻ ഭീമനും കൂടെച്ചതിക്കൂട്ടുന്നതോക്കേണം.
അത്രയുമല്ലതിനേക്കാളുണ്ടൊരു ദുർഘടമിപ്പോൾ
എത്രയും ബന്ധുവായിട്ടുണ്ടേഷണിക്കാരനങ്ങേകൻ

ശത്രുപക്ഷക്കാരിൽ മുമ്പൻ ശാഠ്യമോരോന്നുളവാക്കും
അത്ര നമ്മെച്ചതിപ്പാനല്ലാതെ മററു തൊഴിലില്ല.
താനല്ലെന്നു ഭാവിക്കും തരം നോക്കി പ്രയോഗിക്കും
സ്ഥാനത്തങ്ങൊരേടത്തും തന്റെ വേഷം കാട്ടുകില്ല;
മാനത്തു പറക്കുന്ന പരുന്തു പക്ഷിയെപ്പോലെ
മീനത്തെ കൊക്കിലാക്കിക്കൊണ്ടുപോയേ അറിഞ്ഞീടൂ.
കല്പാനും മടിയില്ല, കാമിനിമാർകളെപ്പാട്ടിൽ
വയ്പാനും മടിയില്ല, വധിപ്പാനും മടിയില്ല,
നമ്മെച്ചെണ്ടകൊട്ടിപ്പാൻ തരം നോക്കി നടക്കുന്നു,
നന്മയ്ക്കുനിരൂപിച്ചിട്ടബദ്ധം വന്നുപോകൊല്ലാ.
വെട്ടത്തു കാണുകയില്ല, പിറകേ നിന്നൊരുവെടി
പൊട്ടിക്കുന്നതേ കേൾക്കൂ ചത്തുവീഴുന്നതേ കാണൂ
അങ്ങനെയുണ്ടൊരു ദേഹമങ്ങിരുന്നു പ്രയോഗിക്കു-
മെങ്ങനെയെന്നറിയാതെ ഇജ്ജനത്തെച്ചതിക്കുട്ടം.
എന്നുടെ മക്കളേ! നിങ്ങളായവന്റെ കപടത്തിൽ
ചെന്നു ചാടിവലയാതെപോന്നുകൊൾവിൻ വിരവോടെ
സജ്ജനങ്ങളിരിക്കുന്ന ദിക്കിലേ സഞ്ചരിക്കാവൂ
ദുർജ്ജനങ്ങളൊടു ചേർന്നാൽ ദൂഷണം സംഭവിച്ചീടും.
ഓട്ടുപാത്രങ്ങളിൽ നല്ല പുളിച്ച തൈരൊഴിച്ചെന്നാൽ
കൂട്ടുവാൻ കൊള്ളരുതെന്നു കേട്ടുകണ്ടീടുന്നതല്ലോ.
കാട്ടുമൂർഖപ്പാമ്പിനെക്കൈകൊണ്ടു മെല്ലെത്തലോടിത്താൻ
പാട്ടിലാക്കാമെന്നു മോഹം മാനുഷന്മാൎക്കുളവാമോ?
അജ്ജനങ്ങൾക്കിജ്ജനത്തോടുള്ള വൈരം പോകയില്ല.
ഇജ്ജനങ്ങൾക്കജ്ജനത്തോടുള്ള വൈരമപ്രകാരം
രണ്ടുകൂട്ടക്കാരുമായിച്ചേരുവാനുള്ള ദുർമ്മോഹം-
കൊണ്ടുപാഴിൽപ്രയത്നങ്ങൾ ചെയ്തൂഞാൻമക്കളെ! കേൾപ്പിൻ
എലിയുംപൂച്ചയും തമ്മിൽ, കീരിയുംസൎപ്പവും തമ്മിൽ,
പുലിയും ഗോക്കളും തമ്മിൽ, കാക്കയും മൂങ്ങയുംതമ്മിൽ

ഒരുനാൾഭേച്ഛ്യുണ്ടാമോഎന്നപോലെകണ്ടുകൊൾവി-
കരുക്കൾ പാണ്ഡവന്മാരും തങ്ങളിലുള്ള വൈഷമ്യം (ൻ
ഉമ്മരത്തെപ്പല്ലുകൊണ്ടു ചിരിക്കും നമ്മളെക്കണ്ടാൽ
ഉള്ളിലെപ്പല്ലുകൾകൊണ്ടിട്ടുരുമ്മും പാണ്ഡുപുത്രന്മാർ:
തുഷ്ടിക്കൂടാതഹോ! തുക്കക്കാരുടെ നൽചിരിപോലെ.
സ്പഷ്ടമായിക്കണ്ടുപോരാനുണ്ണികൾക്കു മോഹമെങ്കിൽ
ഒട്ടുമേ താമസിക്കാതെ ഗമിപ്പിൻ മക്കളേ! നിങ്ങൾ
എട്ടുനാളിനകമിങ്ങു വരേണം ബാലകന്മാരേ!"

അന്ധനരവരവചനമിങ്ങനെകേട്ടു സപദി സുയോധനൻ
അന്ധമതിശഠശകുനികർണ്ണസമാകുലൻ സുമഹാധനൻ
ഹന്ത! സുഖമിതിമനസ്സി ഘനകുതുകേന സംഭൃതസാധനൻ
ചന്തമൊട്ടുനടകൊണ്ടു വിരവൊടുസകലരിപുകുലബാധ
തമ്പിമാർ പുനരമ്പതും പുനരൊമ്പതും ബത നാല്പതും
മുമ്പിലമ്പിലകമ്പടിക്കുനടന്നു വില്ലുമെടുത്തുടൻ
കുംഭിതുരഗരഥാദിപടകളുമുടമയൊടു ഭടഘോഷവും
കൊമ്പുകുഴൽതുടിപടഹഢക്കഢക്കരടിതകട്ടുപരിഘോഷവും
ഇടികളൊടുപടത്തുടരുമൊരുവക വെടികളുടെനിനദങ്ങളും
കൊടികൾ കുട തഴ ചട്ടലചാമരമാലവട്ടശതങ്ങളും
പൊടികളിളകിമറിഞ്ഞു ദിശിദിശി ഝടിതിനടനവിധ
നടികളുടെമൃദുനടനമുടനഥവിടഭടാദിവിലാസവും [ങ്ങളും
സരസമവരുടെ മോടിയും സുഖമോടിയും ചിലർ ചാടി
വിരസമൊരുവകപാടിയുംനരകോടിയും ഇടക്കൂടിയും [യും
സപദിമലഹരി പാടിയും ചിലർ പാടിയും ചിലരാടിയും
സകലമലർവനചാടിയും ചിലർ തേടിയും മലർ ചൂടിയും
ഫലിതമൊരുവകപറകയും ചിലരുറകയും ചിലർമറകയും
പലരുമിഹ ഭുവിനിറകയും ചിലർപിറകയും രസമറികയും
കലശലൊരുദിശി മുറുകയും തനുമുറികയും പുനരുറകയും

ചലനവിധമിതുകുറകയും നറി വരികയും ചിലരരികയും
വിളിച്ചും തെളിച്ചും കനിവൊടുകളിച്ചും പുളച്ചുംനല-
മൊടു
നടിച്ചും വടിച്ചും പലരസ മുദിച്ചും മരിച്ചുംപരിചൊടു
ചരിച്ചും ചിരിച്ചും പലവഴിതിരിച്ചും ഭരിച്ചുംചുമടുകൾ
നടന്നും കടന്നും ചിലരഥ മുടന്നും കിടന്നും വനമപി
തകത്തും തിമിത്തും പുതുമകളുതുത്തും മുതിത്തും മധുബത
കുടിച്ചും ചൊടിച്ചും തങ്ങളിലടിച്ചും പിടിച്ചും ഭള്ളുകൾ
നടിച്ചും കടിച്ചും തുടുതലമിടിച്ചും പൊടിച്ചും വടിതടി
എടുത്തും കടുത്തും ഖലകുലമടുത്തും തടുത്തും ചിലരിഹ
പെടുത്തും കറുത്തും മുഖമതു ചെറുത്തുംപൊറുത്തും മടു
മൊഴി
കരുത്തും പെരുത്തും പലതൊഴിൽ വരുത്തും നിരത്തും
ഈവണ്ണമവിടത്തിലീവന്ന പുരുഷാരം [ശിവശിവ
ആകുന്ന പടക്കോപ്പുമാകവെ ചരതിച്ചു
നാഗമന്ദിരംതന്നിൽ ആഗമിച്ചഴകോടെ
നാഗകേതുവെച്ചെന്നു വേഗേന കൈവണങ്ങി.
"ആയുധമെടുത്തുംകൊണ്ടായിരത്തിരുന്നൂറും
നായന്മാരകമ്പടിയായ് മുന്നിൽനടക്കേണം
അൻപതു ചവളക്കാരൻപതുമറക്കാരും
പിമ്പേ സഞ്ചരിക്കേണമത്രമാത്രമേ വേണ്ടൂ.
ബാലപ്പിള്ളരും വേണ്ടാ വൃദ്ധന്മാർകളുംവേണ്ടാ,
കാലിന്നു മുടവുള്ള കാര്യക്കാററും വേണ്ടാ,
കാലത്തു പഴംകഞ്ഞി കുടിക്കാതെ നടപ്പാനും
മേലാത്ത ഭടന്മാരും യജമാനന്മാരും വേണ്ടാ
ബാലപ്പെൺകൊടിമാരെക്കാണുമ്പോളിളിക്കുന്ന
ബാഹുക്കളെളാരുപത്തിജളന്മാരാരുമെ വേണ്ടാ
മാലക്കണ്ണുള്ളവരും മടിയന്മാർ മുടിയന്മാർ
മാലോകർ ദുഷിക്കും കൾകുടിയന്മാർ തടിയന്മാർ

നാലിന്നുമുതകാത്ത നായന്മാർ ശ്ശുനകൻെറ
വാലിന്നും വിലകാണാത്താണുങ്ങളിഹ വേണ്ടാ.
പള്ളയ്ക്കു പൊറുപ്പാനായിരന്നുണ്ടു നടന്നു തൻ-
തള്ളയ്ക്കുമൊരുവാററു കൊടുക്കാത്തോരിരപ്പാളി-
* * * ഭടന്മാരെക്കൊണ്ടുപോയാൽ
തൊള്ളയ്ക്കു തെല്ലുവെള്ളം കുടിപ്പാൻ കൂടവേ കൂടാ,
മാററിക്കണ്ടുന്നെ കൂട്ടുകൊണ്ടുങ്ങു നടക്കുന്ന
പോററിക്കുമനത്ഥങ്ങൾ വരുമെന്നു ധരിക്കേണം,
മാററിപ്പേർ പറഞ്ഞന്നാൽ മലവെള്ളംപൊങ്ങി നില്ലേ
രാററിൽമുങ്ങിയാലപ്പോലും ജലപാനം കൂടുകില്ല.
തന്നേക്കാൾവലിയോരെ തരിമ്പും ശങ്കയില്ലാത്ത
കന്നങ്ങൾ മറുനാട്ടിൽ ചെന്നുപോരാൻ ചിതംപോരാ
പെണ്ണുങ്ങൾ പറയുന്ന മൊഴികേട്ടു നടക്കുന്നോ-
രെണ്ണങ്ങൾ പലതുണ്ടാമവരാരുമിങ്ങു വേണ്ടാ,
വിപ്രന്മാർ വരുന്നേരം വഴിമാറികൊടുക്കാത്ത
ദുഷ്പ്രഭുക്കളും വേണ്ടാ ദുരഹങ്കാരികൾ വേണ്ടാ
സ്വാമികല്പന കേൾപ്പാൻ മടിക്കുന്ന മഹാപാപി
ഭൂമിയിലൊരേടത്തും പൊറുപ്പാനുത്തമനല്ല.
തമ്പുരാൻെറ മടപ്പള്ളിച്ചെമ്പിലെച്ചോറു ഭക്ഷിപ്പാൻ
മുമ്പിൽവന്നു സ്ഥലംവയ്ക്കുമാമ്പടിക്കാരൊരുകൂട്ടം
വമ്പട വന്നടുക്കുമ്പോൾ പിമ്പിലെങ്ങാനൊളിക്കുന്ന
വമ്പരെല്ലാമങ്ങുവീട്ടിൽ പാത്തുകൊൾകേവേണ്ടുവിപ്പോ
കേട്ടു കേട്ടു വന്നകൂട്ടം മാനുഷന്മാരൊരുലക്ഷം (ൾ
നാട്ടുപട്ടന്മാരുമെല്ലാമെന്തിനപ്പോൾ പോന്നുവന്നു
ഊട്ടിലുണ്മാൻ കൂട്ടുകൂട്ടിപ്പോകയില്ലീ പ്രഭുത്വത്തെ
കാട്ടിയൊപ്പിക്കണം വൈരിജനങ്ങൾക്കെന്നൊത്തുമല്ലാ
നാട്ടിലുള്ള മൂത്തുക്കന്മാർ പിള്ളരും പിള്ളമാരോരോ
കോട്ടിൽനിന്നു പുറപ്പെട്ടു വന്നുയോഗം തികയുന്നു.

കാട്ടിലുള്ള ഫലമൂലം ചുട്ടുതിന്നു കിടക്കുന്ന
ചേട്ടകൾക്കഷ്ടിയെന്നല്ലാതെപ്പൊഴും ചിന്തയുമില്ല.
നരയന്മാരൊരുക്കൂട്ടം ജരയന്മാരൊരുക്കൂട്ടം
കുരയന്മാരൊരുക്കൂട്ടം കുരുടന്മാരൊരുക്കൂട്ടം
കരിമ്പന്മാർ വെളുമ്പന്മാർ കഷണ്ടിക്കാർ കിഴവന്മാ-
രൊമ്പെട്ടു പുറപ്പെട്ടു തരിമ്പു താമസിക്കാതെ
പെരുക്കാലുള്ളവരെല്ലാ മനങ്ങാതെ തന്റെ വീട്ടി-
ലിരിക്കാതെ മെല്ലെമെല്ലെ നടന്നിങ്ങു വന്നുകൂടി.
ഒരിക്കലുമൊരേടത്തും നടക്കാതെ കിടക്കുന്ന
കരക്കാരൊന്നൊഴിയാതെ പരക്കെ വന്നിടകൂടി.
ഇരപ്പാളിപ്പരിഷകളൊരുനേരം തെല്ലുചോറു
നിരപ്പോടെ കൊടുത്തെങ്ങു പിരിപ്പാനിപ്പുരം തന്നിൽ
പരിപ്പുകാരനും ചന്ത്രക്കാരനും ചന്തുമാടെ കാ-
ത്തിരിപ്പു മററവരൊക്കെത്തിരിപ്പു തങ്ങടെവീട്ടിൽ
കുറുപ്പന്മാർ പണിക്കന്മാർ കണക്കപ്പിള്ളമാർപിന്നെ
വെറുപ്പക്കാർ വലിപ്പക്കാരിജ്ജനങ്ങളിപ്പുരത്തിൽ
ഉറപ്പില്ല വസിച്ചാലുമച്ഛനേയുമമ്മയേയും
വെറുപ്പിച്ചീടൊലാ വല്ലാത്തേഷണിവാക്കുകൾകൊണ്ടും
കുറുപ്പത്തിലൊരുയോഗം കൂട്ടിഞാനും തമ്പിമാരും
പുറപ്പെട്ടു പാണ്ഡവന്മാരിരിക്കും ദിക്കിലേക്കിപ്പോൾ
പറക്കൊട്ടും കൊമ്പുകാളം താളവും മേളവും വേണ്ടാ.
നിറക്കേടില്ലതില്ലാഞ്ഞാലിജ്ജനങ്ങൾക്കൊരേടത്തും
അറിഞ്ഞാലും നിങ്ങളാടാചാക്കിയാക്കേ കോപ്പുവേണ്ട,
കുറഞ്ഞോന്നും താഴ്ചയില്ലാ നമുക്കു മേളമില്ലാഞ്ഞാൽ;
പറഞ്ഞാൽ കഷ്ടമെന്നാലും പറയാം തമ്പുരാന്മാരും
കുറഞ്ഞോന്നല്ലഹോ ഞങ്ങൾ നൂററുപേരുണ്ടൊരുപോ-
(ലെ
ഒരുയുദ്ധത്തിനു വേണ്ടും നൃപന്മാർ തങ്ങൾതാൻപോരും,

കുരുരാജാധിപൻതന്റെ ഭാഗ്യമെന്തോ പറയാവൂ,
ഒരുദിക്കിൽ ചെന്നുപോരാനൊരുവൈഷമ്യമില്ലിപ്പോൾ
ഒരേടത്തുമവമാനമിജ്ജനങ്ങൾക്കില്ലതാനും.
പെട്ടകം പെട്ടിയും കെട്ടിച്ചുമപ്പാൻ പിള്ളരും കുട്ടി-
പ്പട്ടരും വെററിലസ്സഞ്ചിക്കാരനും, കാരിയക്കാരും,
എട്ടുനാലുകുടക്കാരുമഞ്ചു പത്തു വരിയോല-
ക്കെട്ടെടുക്കും ഭടന്മാരു,മായിരം നായരും വേണം"
ഇപ്രകാരമുരചെയ്തു ധാർത്തരാഷ്ട്രഗ്രജൻ വീരൻ
ക്ഷിപ്രമങ്ങു പുറപ്പെട്ടു സാദരം സോദരന്മാരും
തൽപ്രകാരം ശകുനിയും കർണ്ണനും കാരിയക്കാരും
സപ്രമോദം ഭടന്മാരും സർവ്വവൃന്ദങ്ങളും പിമ്പേ,
വമ്പനായുള്ളൊരു നല്ല കൊമ്പനാനത്തലവന്റെ
കൊമ്പുരണ്ടും മസ്തകവും പൊൻപടം കൊണ്ടണിയിച്ചു
തൻപുറത്തു മദം മൂത്ത തമ്പുരാനും കരയേറി
തമ്പിരാജാക്കളും തൊണ്ണൂററൊമ്പതാനപ്പുറമേറി
മുമ്പിലാശു നടകൊണ്ടു മൂത്തരാജാവനുജന്മാർ
പിമ്പിലമ്മാവനും പിന്നെക്കർണ്ണനും രണ്ടുഭാഗത്തും,
വമ്പിയന്ന യജമാനന്മാരുമൊക്കെപ്പുറപ്പെട്ടു
ജ്റംഭിതാഘോഷമാംവണ്ണം ഗമിച്ചാരാദരവോടെ,

വീടും കുടികളും നാടും നഗരവും
തോടും പുഴകളും കാടും മലകളും
കടന്നു നടന്നു വാപീതടവുമിടവും; നല്ല
ജലവും സ്ഥലവും വൃക്ഷത്തണലും മണലും; പുഷ്പ-
മണവും ഗുണവും കണ്ടു കുരുക്കൾ തരുക്കൾ മൂലേ
പരന്നങ്ങിരുന്നനേരം തുടങ്ങി ഭടന്മാർനായാ-
ട്ടടങ്ങി മടങ്ങിടാതെ, കലയും പുലിയുമുള്ള-
മലയിൽ വലയും കെട്ടി തട്ടത്തു കട്ടത്തവില്ലു-
മെട്ടത്തും തൊട്ടത്തും ബാണമുടക്കി മുടക്കിനിന്നും,
തടിയും വടിയുമേന്തി വെടിയും പൊടിയുമാർത്തു.

കരിയും കിരിയും പോത്തും നരിയും ഹരിയും ചാടി
ക്കടിച്ചും പിടിച്ചും വെട്ടി മുറിച്ചും മരിച്ചും തള്ളി-
പ്പിടിച്ചും കിടച്ചും മാംസം പിളൎന്നും കിളൎന്നും മോദം
വളൎന്നും തളൎന്നും കൂട്ടം കലമ്പിക്കലമ്പിത്തമ്മിൽ.
കയത്തും വിയത്തും മേനി വിളിച്ചും തെളിച്ചും പന്നി
ക്കറവും പുറവും കണ്ടിച്ചെടുത്തും കൊടുത്തും ചുട്ടു
ഭുജിച്ചും ത്യജിച്ചും കള്ളു കുടിച്ചും ചൊടിച്ചും പലതൊ-
(ഴിൽ

നായാട്ടും മതിയാക്കി നായന്മാരിഹപോന്നു,
നായാടികളും മാറിപ്പോയായാരൊക്കവേ കൂടെ,
ഇന്ദ്രപ്രസ്ഥമെന്നുള്ള മന്ദിരസ്ഥലത്തിന്റെ
അന്തികപ്രദേശത്തങ്ങടുത്തു ധാൎത്തരാഷ്ട്രന്മാർ
ദന്തികന്ധരംതന്നിൽ നിന്നിറങ്ങി നൂറുപേരും,
രത്നങ്ങൾകൊണ്ടുകെട്ടിപ്പടുത്തോരാൽത്തറ കേറി
രാജനന്ദനന്മാരും കൎണ്ണൻ മാതുലൻതാനും
പെട്ടെന്നു കാററുമേററു സുഖിച്ചു മേവിനനേരം
പെട്ടകം തുറന്നാലുമെന്നു രാജാവരുൾചെയ്തു,
പെട്ടിപെട്ടകമെല്ലാം തുറന്നു പൊന്മണിക്കോപ്പും
പട്ടും പട്ടുറുമാലും ചേലയും പച്ചവാലാവും
എന്നുള്ള പദാൎത്ഥങ്ങളെടുത്തു കൊണ്ടലങ്കാര-
മൊന്നുമേ കുറയാതെ ചമയത്തിന്നൊരുമ്പെട്ടു.

ചന്ദനം പനിനീരും കുങ്കുമകളഭലളിതജവാദുവും
ചന്തമേറിന പുഴുകുമഴകൊടിഴക്കി മെയ്യിലശേഷമേ
കുന്ദകുറുമൊഴിമല്ലികാമലർമാലകൊണ്ടു ശിരോരുഹേ
മന്ദമൻപിലണിഞ്ഞു സുന്ദരസുഭഗരൂപി സുയോധനൻ
സ്വൎണ്ണമണിമയമകുടകടകകിരീടഭൂഷണഭൂഷിതൻ
കൎണ്ണയുഗമതിലധികവിലസിതകുണ്ഡലങ്ങളണിഞ്ഞുടൻ
മുത്തുമാലപതക്കമുരുതരമുരസി ചേൎത്തു മനോഹരം.

പത്തു കൈവിരലും നിറച്ചഥ മോതിരങ്ങൾ നിരന്തരം
എട്ടരണ്ടുമുളത്തിലുള്ളൊരു പട്ടുത്തരഞ്ഞാണവും
ഇട്ടുപട്ടുറുമാലുകെട്ടി മുറുക്കി നല്ലൊരു തൊങ്ങലും
തട്ടുപുഴുകുമെടുത്തു മുഞ്ഞി മിനുക്കി നൽകുറിയിട്ടുടൻ,
മുട്ടുകുത്തിയിരുന്ന തലമുടി തുത്തുകെട്ടി മഹാരഥൻ-
ശില്പഃമാടഥ ചന്ദ്രക്കാവി വളച്ചുകെട്ടി വിശിഷ്ടമാം
ദർപ്പണത്തെയെടുത്തു പല്ലുമിളിച്ചുനോക്കി രസിക്കയും,
ഇപ്രകാരമണിഞ്ഞു കൃത്തിനു ചാക്കിയാരണിയുന്നപോ
[ൽ
ഇപ്രകാശമതൊക്കെവൈരികൾകാണണം മമ പൗരുഷം
എന്നുറച്ചു ജളപ്രഭുതവിധങ്ങളഖിലവുമൊത്തഹോ
മന്നവൻ നിജവേഷഭൂഷണഭംഗിയൊക്കെ വരുത്തിനാൻ
ഉന്നതം കുട, ചാമരം, തഴ;കൊടികളിടകലരും വിധം
പന്നകധ്വജനാശു പാണ്ഡവനഗരനികടമവാപ്പുവാൻ.
ധാർത്തരാഷ്ട്രനചെയ്തു സോദരന്മാരൊടുമെല്ലെ,
"ധൃത്തരാഷ്ട്രം പ്രവേശിച്ചു നമ്മളെന്നുഗ്രഹിക്കേണം;
കീർത്തിഭംഗംവരാതെകണ്ടിപ്രദേശങ്ങളെയെല്ലാം
പാർത്തുകണ്ടുംകൊണ്ടു വെക്കമെങ്ങു തന്നെ ഗമിക്കേണം;
അബദ്ധങ്ങളൊന്നുകാട്ടാതിരിക്കേണമനുജന്മാർ,
അവസ്ഥാനങ്ങളിൽചെന്നു ചാടിയാൽ ദൂഷണമുണ്ടാം
അവസ്ഥാദേശകാലങ്ങളറിഞ്ഞേ സഞ്ചരിക്കാവൂ,
സുബദ്ധം നമ്മൾചെയ്താലുമബദ്ധമാക്കുമക്കൂട്ടം,
പരന്മാർ പാണ്ഡുപുത്രന്മാർ പരിഹാസത്തിനു വട്ടം
പരിചിൽ കൂട്ടുമെന്നോററം കരുതിക്കൊണ്ടു ചെല്ലേണം,
എനിക്കേതുമബദ്ധങ്ങൾ വരികയില്ലൊരേടത്തും;
കനക്കേടുംവരത്തില്ലെന്നനുജന്മാർ ധരിക്കേണം;
അനക്കാതെന്നുടെ പിമ്പേ നടന്നുപോന്നുകൊള്ളേണം
അനർത്ഥമാക്കുമില്ലെന്നാലവമാനം വരാനില്ല."

ഇത്ഥം പറഞ്ഞു സുയോധനവീരൻ
ചിത്തംതെളിഞ്ഞു നടന്നുതുടങ്ങി,
ചിത്രപുരത്തിലകത്തുകടന്നു
ചിത്രപ്പണികളും കണ്ടുനടന്നു
പാണ്ഡവന്മാരുമദ്രൗപദിതാനും
മണ്ഡപംതന്നിൽ കരേറിപ്പതുക്കെ
മാധവനേയും ബലഭദ്രനേയും
മാനിച്ചു വന്ദിച്ചവിടെ വസിച്ചു.
ദുര്യോധനനും സഹോദരന്മാരും
ദൂരത്തുനിന്നു വരുന്നതു കണ്ടു
ധർമ്മതനൂജന്റെ മാനസംതന്നിൽ
സമ്മോദമേററം വളർന്നുകിളർന്നു
സമ്മാനത്തിന്നുള്ള വട്ടങ്ങൾക്കൂട്ടി
സന്തോഷമോടേ വസിക്കുന്നനേരം
ദിവ്യസഭതന്നിൽ വന്നുകരേറി
ഭവ്യനായുള്ള സുയോധനഭൂപൻ.
വെള്ളസ്പടികസ്ഥലങ്ങളിലെല്ലാം
വെള്ളമുണ്ടെന്നൊരു ശങ്കതുടങ്ങി;
ഉള്ളിൽവിളങ്ങുന്ന രത്നങ്ങൾകണ്ടാൽ
തള്ളിയലയ്ക്കുന്ന നീരെന്നുതോന്നും.
നീരുള്ള ദിക്കെന്നുറച്ചു പതുക്കെ
നീന്തുവാനുള്ളോരു വട്ടങ്ങൾക്കൂട്ടി,
വീരാളിപ്പട്ടുമുരച്ചുകയററി
വീരൻ പതുക്കെപ്പദംകൊണ്ടു തപ്പി
പിൻപിൽനടക്കുന്ന തമ്പിമാരെല്ലാം
മുമ്പിൽ നടക്കുന്ന ചേട്ടനെപ്പോലെ
ചന്തത്തിലുള്ളൊരുപട്ടുമുയത്തി-
ക്കുന്നിച്ചു കുനിച്ചു യാത്രതുടങ്ങി.
അപ്രദേശങ്ങൾ പതുക്കെക്കടന്നു

അഗ്രഭാഗത്തിങ്കൽ ചെന്നൊരുനേരം
പച്ചനിറമുള്ള രത്നങ്ങളാലെ
മെച്ചത്തിൽ കെട്ടിപ്പടുത്തു വിളങ്ങും
നീരാഴമുള്ളൊരു നീരാഴിതന്റെ
തീരത്തുചെന്നു കരേറിനരേന്ദ്രൻ,
ജലമേന്തി നില്ക്കുന്നൊരാററിന്റെ മദ്ധ്യേ
ജലമില്ലെന്നുള്ളത്തിലോർത്തു പതുക്കെ
നലമോടു പൊണ്ണൻ കുതിച്ചങ്ങു ചാടി,
നിലവിട്ടുവെള്ളത്തിൽ വീണാശുമുങ്ങി;
പുഴുകും കളഭവും ചാന്തും കുറിയും
കഴുകിജലത്തിൽ കിടന്നങ്ങുഴച്ചു
മുഴുകിയും പൊങ്ങിയുമങ്ങൊരുദിക്കിൽ
ഒഴുകിത്തിരിഞ്ഞു തനിച്ചൊരുവീരൻ.
വെള്ളംകുടിച്ചും കിതച്ചും പതച്ചും
ഉള്ളംചൊടിച്ചുമുരുണ്ടും പിരണ്ടും
തള്ളിയലച്ചും വിറച്ചും വിയച്ചും
തെള്ളിപ്പിടിച്ചും മറിഞ്ഞും തിരിഞ്ഞും
പാരം വലഞ്ഞു പതുക്കെപ്പതുക്കെ
തീരമണഞ്ഞൊരുദിക്കിൽ കരേറി.
കണ്ടുവസിക്കും വൃകോദരനപ്പോൾ
രണ്ടുകരങ്ങളും കൊട്ടിച്ചിരിച്ചു.
"പണ്ടു നീ നമ്മെക്കയർകൊണ്ടുകെട്ടി-
ക്കൊണ്ടു കയത്തിൽ പിടിച്ചു മറിച്ചു
അങ്ങനെ ചെയ്തൊരു ദുര്യോധന! നീ
ഇങ്ങനെ വെള്ളത്തിൽ മുങ്ങീടവേണം.
തങ്ങൾ ചെയ്തീടും ദുരാചാരമെല്ലാം
തങ്ങൾക്കുതന്നേ ഭവിച്ചീടുമല്ലോ.
ശൃംഗാരമോടിയും കൂട്ടിക്കൊണ്ടയ്യോ!
ചങ്ങാതിവന്നെന്റെ നീരാഴിതന്നിൽ

മുങ്ങാനവകാശം വന്നതുകൊള്ളാം.
എങ്ങനിനിപ്പോളിവിടേക്കു വന്നു?
നിങ്ങടെ രാജ്യത്തിൽ വെള്ളം കുടിപ്പാ-
നെങ്ങുമൊരേടത്തുമില്ലായ്കകൊണ്ടോ?
ഞങ്ങടെ നാട്ടിലെത്തോട്ടിലെ വെള്ളം
അങ്ങുള്ള വെള്ളത്തേക്കാൾ ഗുണമെന്നോ?"
ഇത്തരമോരോ പരിഹാസം പറഞ്ഞു ഭീമസേനൻതാൻ
ഹസ്തസംഘട്ടനത്തോടെ ഹസിച്ചങ്ങു രസിക്കുന്നു;
മാനിനിമാർമണിയാളാം ദ്രൗപദിയും കരംകൊണ്ടു-
ങ്ങാനനത്തെ മറച്ചാശു മന്ദഹാസം ചെയ്തു മെല്ലെ.
നാണവും കോപവും പാരം വൈരവും മാനസംതന്നിൽ
ക്ഷീണവും ദൈന്യവുംപൂണ്ടു നാഗകേതു മഹാരാജൻ.
പ്രാണനാശത്തിനേക്കാളും സങ്കടമീ പരിഹാസം
പ്രാണികൾക്കു സഹിക്കാവൊന്നല്ല ഹാ!ഹാ! മഹാകഷ്ടം
കെട്ടിഞാത്തിയുടുത്തോരു പട്ടുമെല്ലാമിട്ടുമുക്കി
മുട്ടുകുത്തി മുഖംതാഴ്ത്തി തോട്ടിൽനിന്നു കരകേറി.
കൂട്ടമോടെ വസിക്കുന്നോരനുജന്മാർക്കുതൻമുഞ്ഞി
കാട്ടുവാനുമെളുതല്ല, ലജ്ജകൊണ്ടുമാധികൊണ്ടും,
ഇപ്രകാരം വിഷാദിച്ചു ധാർത്തരാഷ്ട്രൻ തമ്പിമാരും
ക്ഷിപ്രമങ്ങു ഗമിപ്പാനായൊരുമ്പെട്ടു പുറപ്പെട്ടു.
തൽപ്രകാരമറിഞ്ഞോരു ധർമ്മപുത്രൻ വിരവോടെ
തൽപ്രദേശത്തേക്കു ചെന്നു നല്ല പട്ടുംകൊണ്ടു മെല്ലെ
അയ്യോ കഷ്ടമേ! നിങ്ങൾക്കീവണ്ണമിതുകാലം
ദുര്യോഗം സംഭവിപ്പാനൊട്ടും സംഗതിപോരാ,
അങ്ങനീബ്ഭവനത്തിലിന്നിപ്പോൾവരുമെന്നു
ഞങ്ങൾക്കു നിനവില്ല ഭാഗ്യമെന്നതേവേണ്ടു.
വല്ലാത്തൊരബദ്ധത്തിൽ ചാടിപ്പോയതുകൊണ്ടും
തെല്ലും കുണ്ഠിതം വേണ്ടാ കുരുരാജാത്മജ! വീര!
പട്ടുകൊണ്ടുടനീറൻ പകർന്നാലും വിരവോടെ

ഒട്ടും സംശയംവേണ്ടാ, ദൃക്കുലം ഞാൻ തരാമിപ്പോൾ;
ഇങ്ങുള്ള ധനമെന്നും, അങ്ങുള്ള ധനമെന്നും
എങ്ങും ഭേദമില്ലല്ലോ ഭംഗിക്കു പറകല്ല;
അങ്ങേ അച്ഛനമ്മെൻ്റെ താതനും പിതാമഹവകൻ-
അങ്ങേൻ്റുള്ള സമ്പത്തു രണ്ടുപേർക്കും സമമല്ലീ"

ഇത്തരമുള്ള യുധിഷ്ഠിരൻ്റെ വിശുദ്ധവാക്കുകൾ കേട്ടുടൻ
ക്രുദ്ധഭാവരസം മറച്ചു പറഞ്ഞു പന്നഗകേതനൻ
"പട്ടു കെട്ടുകയിൽ തരിമ്പുമൊരാശയില്ല നമുക്കെടോ,
വെട്ടുകൊണ്ടു മരിച്ചിലെങ്കിലതീശ്വരൻ്റെയനുഗ്രഹം
മുട്ടുതീർത്തു വിടേണമെന്നു ഭവാൻ്റെ മനസി മനോരഥം
മുട്ടുകൊണ്ടുമറിഞ്ഞു പാകരുതെന്നെനിക്കു മനോരഥം,
സൽക്കരിപ്പതിനായ്വരുന്ന ഭവാൻ്റെ തമ്പി വൃകോദരൻ
ധിക്കരിച്ചു ചിരിച്ചതെന്നു മറക്കുമോ സുയോധനൻ?
ഇക്കണക്കു പിരിഞ്ഞതെന്നുടെ ഭാഗ്യമിന്നിഹ ഞങ്ങളെ-
ച്ചുക്കതീറ്റി വിടേണമെന്നു കൊതിച്ചിരുന്ന സഹോദരൻ
ശക്രസുതനൊടു രണ്ടുവാക്കു പറഞ്ഞുപോരണമെന്നഹോ
അക്സുതനൊരുമോഹമുള്ളതു സാധിയാഞ്ഞതു കുണ്ഠിതം
ഒക്കെയും പുനരുപരി കഴിവരു, മക്ഷനന്ദനനന്ദന! (തം
വെക്കമെങ്ങു ഗമിക്ക ഞങ്ങളുമങ്ങുപോവതിനൊട്ടുമേ
കാലതാമസമില്ല, യാത്രപറഞ്ഞു ഞങ്ങൾ മഹാമതേ!
ചാലവേ മമഹസ്തിപത്തനമെത്തിയെന്നു ധരിക്ക നീ,
കാലവാതബലാന്തകാശ്വികുമാരരാകിന നിങ്ങളും
ലീലയാനിജമന്ദിരത്തിൽ വസിച്ചുകൊൾക യഥാസുഖം"

നിറഞ്ഞ മത്സരമെല്ലാം മറച്ചുകൊണ്ടിപ്രകാരം
പറഞ്ഞു കൗരവനുള്ളിലുറഞ്ഞ കോപവുംപൂണ്ടു
നിറക്കേടും തരക്കേടും ചിതക്കേടും പതക്കേടും
കനക്കേടും മനക്കേടും മതക്കേടും മദക്കേടും
കുറഞ്ഞോന്നല്ലഹോ! കഷ്ടം കുരുക്കൾക്കിങ്ങനെമുന്നം
ഒരിക്കലുമൊരേടത്തു മകപ്പെട്ടിട്ടറിവില്ല.

കറുത്തു വക്ത്രവും ചിത്തം വെറുത്തു ദുഷ്പ്രഭുത്വവും
കുറുത്തു കുണ്ഠിതമൊട്ടും പൊറുത്തു ക്രൂട്ടകയില്ല.
വളർന്നു നാണവുമംഗം തളർന്നു വൈരവുമേററം
കിളർന്നു മാനസമൊന്നു പിളർന്നുപോയതുപോലെ
പകർന്നു വെററയും പാക്കും നുകർന്നു പല്ലുകൾ ചുണ്ടും
ചുകന്നു കാങ്കയിലാർക്കുമകന്നുമോടികളെല്ലാം
നടന്നു കാനനമെല്ലാം കടന്നു ഹസ്തിനഗേഹ-
മടുത്തു ചെന്നഹം പുക്കു, കടുത്തുള്ളോരവമാനം
ക്ഷമിച്ചു താതനെച്ചെന്നു നമിച്ചു തൻപുരംതന്നിൽ
ഗമിച്ചു ഭാർയ്യമാരോടേ രമിച്ചു കൗരവശ്രേഷ്ഠൻ.
പറവാൻ ബുദ്ധിയില്ലാത്ത പറയൻ ഞാനിത്രമാത്ര-
മറിഞ്ഞോരു കഥാലേശം പറഞ്ഞേനെന്നാതേ വേണ്ടു-
ഗുരുക്കന്മാരടിയന്റെ കുറവുകൾ പൊറുക്കേണം
നിരക്കുന്ന ഗുണമിങ്ങു തെരിക്കെന്നു വരുത്തേണം
ഇരിക്കുന്ന സഭാവാസി ജനമെല്ലാം പ്രസാദിച്ചു
തരക്കേടു വരാതെന്നെത്തുണയ്ക്കേണം നമസ്കാരം,
പരബ്രഹ്മസ്വരൂപശ്രീപരമേശൻ മഹാദേവൻ
പരമാർത്ഥം പരദൈവം പരമാനന്ദസന്ദോഹം
പരമാത്മാ വരമൊന്നു പരിചോടിങ്ങരുളേണം.
പരിതോഷം വരുത്തേണം പരമെന്നെ നികത്തേണം
അമരസേവിതേ! മാത്തൂരമരും ശ്രീമഹാഭദ്രേ!
മമ തായേ! മഹാമായേ! മമതാവാരിധേ ദേവി!
നമസ്തേ ലോകമാതാവേ! നമസ്തേ നായികേ! നാഥേ
നമസ്തേ മൽകുലാധാരേ! നമസ്തേ മംഗലാകാരേ!

ശ്രീഗുരുപാദേഭ്യോ നമഃ

ശുഭമസ്തു.

മങ്ഗലമസ്തു ഹരിഃ

സമാപ്തം.

# ടിപ്പണം.

നമസ്തേ-അങ്ങേയ്ക്കു നമസ്കാരം. വിഘ്നരാജാവ്-ഗണപതി. വിശ്രുതാത്മാ-പ്രസിദ്ധപ്പെട്ട ആത്മാവോടു കൂടിയവൻ. വിശ്വധാതാ-എല്ലാററിനേയും ധരിക്കുന്നതു് വൈരിജേതാവ്-ശത്രുക്കളെ ജയിക്കുന്നവൻ. ഭാരതീനാഥൻ-ബ്രഹ്മാവ്. ഭാരതി-സരസ്വതി. ധാത്രീസുരലോകാധിപൻ-ബ്രാഹ്മണശ്രേഷ്ഠൻ അംബോധി-സമുദ്രം. സ്വാന്തം-ഹൃദയം. മറകൾ-വേദങ്ങൾ. ഉറഞ്ഞു്-നിശ്ചയിച്ച് ഉളനാം-ഉണ്ടായവനായ. കുറുപ്പത്തിൽ-ചുരുക്കമായി. കരിമ്പുവില്ലൻ-കാമദേവൻ. പാവനാകാരം-പരിശുദ്ധമായ ആകൃതി. ചിന്മയാത്മൻ-ചിൽസ്വരൂപൻ (ചൈതന്യരൂപിയായവൻ) തരുണകളേബരായതേ-പുതിയമേഘസമൂഹത്തോടു തുല്യമായ ശരീരമുള്ള നിനക്കു. അരുണ...—ലോചനൻ-ചെന്താമരപോലെ മനോഹരവും നീണ്ടതും ആയ കണ്ണുകളോടുകൂടിയവൻ. ചരണസരസിജം-താമരപ്പൂപോലെ മനോഹരമായ പാദം. ഉന്നതോരു...മണ്ഡനൻ-ഉയൎന്നതും വലുതും ആയ കിരീടവും കടക്കണംകൊണ്ടു അലങ്കരിക്കപ്പെട്ടവൻ. ഉരഗവരശയൻ-അനന്തനിൽ ശയിക്കുന്നവൻ (മഹാവിഷ്ണു) ഇന്ദിരാ...സുന്ദരാംഗൻ-ഇന്ദിരയ്ക്കു(മഹാലക്ഷ്മിക്കു) മണിമന്ദിരമായി(രത്നഗൃഹമായി; അമലവും (പരിശുദ്ധവും) സുന്ദരവും ആയിരിക്കുന്ന അംഗങ്ങളോടുകൂടിയവൻ. അഹം-ഞാൻ. അജിതൻ-ജയിക്കപ്പെടാൻ പാടില്ലാത്തവൻ. ചിന്തയാമി_ഞാൻ ചിന്തിക്കുന്നു. [ധ്യാനിക്കുന്നു) വിഘ്നം-ബുദ്ധിമുട്ടു്. ധൎമ്മകൎമ്മം-ധൎമ്മമായ പ്രവൃത്തി. സകല......ദഹനൻ ശത്രുസമൂഹമാകുന്ന എല്ലാ ഈയലുകളെയും ദഹിപ്പിക്കുന്നവൻ. ശക്രലോകസമാനം-ഇന്ദ്രലോകത്തു

ല്യം. അൎക്കതുല്യഭുജപ്രതാപൻ-സൂൎയ്യനുതുല്യമായ കൈയ്യൂക്കോട്ടുകൂടിയവൻ.) വംശലേശം-അകന്നചാൎച്ച മറിവ്-ചതിക്കാനുള്ള സൂത്രം. തള്ളൽ-അഹംഭാവം. നെറിവു്-നേരായമാൎഗ്ഗം. കവിപ്രബന്ധനിബന്ധനം-കാവ്യത്തിന്റെ വ്യവസ്ഥകൾ. കഷ്ടിപിഷ്ടി-കഷ്ടിച്ചു (ഞെരുങ്ങി) ശുഷ്കബുദ്ധി-ബുദ്ധിശൂന്യൻ. വിധുരം-ക്ലേശമായതു്. മാലതി-പിച്ചകം. ഭടജനങ്ങൾ-നായന്മാർ എന്നു സാരം പടയണി-ലഹള (നിയമരഹിതർ എന്നും അൎത്ഥമുണ്ടു്.) ചിത-യോഗ്യം; വികട-കട്ടകവിദൂർ(ഗ്രാഹവും പരുഷവുമായ കവിത. ദുരിതജലധി-സംസാരസാഗരം. വിഡംബിക്കുക-പരിഹസിക്കുക (അനുകരിക്കുക) അംബിക-പരമേശ്വരി (പാർവതി) ആൎത്തി-ദുഃഖം ക്ഷോണീവാനവൻ-ഭൂദേവൻ (ബ്രാഹ്മണൻ) ദ്രോണമ്പള്ളി ആചാൎയ്യൻ കുഞ്ചൻ നമ്പ്യാരുടെ ഗുരുവാണെന്നു പറയപ്പെടുന്നു. കവ്യാരംഭത്തിൽ പ്രായേണ ഗുരുസ്തുതി കവിസഹജമാണു്. പരിഷ-ജനം. പ്രാണപഞ്ചകം-പഞ്ചവായുക്കൾ(പ്രാണൻ; അപാനൻ സമാനൻ, ഉദാനൻ; വ്യാനൻ, എന്ന ജീവവായുക്കൾ) ത്രാണം-രക്ഷ. ബാലരവി-ഉണ്ണിരവിക്കുറുപ്പ് ശ്രീചാരുസ്വരൂപൻ-ശ്രീകൊണ്ടു ചാരുവായസ്വരൂപത്തോടുകൂടിയവൻ. ശ്രീ-ശോഭ. ചാരു-മനോഹരം. ദേശികേശവൻ-ഗുരുഭൂതൻ കേവലൻ-ഈശ്വരൻ (ഇവിടെ ശ്രീകൃഷ്ണൻ എന്നൎത്ഥം) ബുധന്മാർ-ബുദ്ധിമാന്മാർ. സോമവംശാബ്ധിചന്ദ്രൻ-ചന്ദ്രവംശമാകുന്ന സമുദ്രത്തിന ചന്ദ്രനായിട്ടുള്ളവൻ. അശ്വിനേയാത്മജന്മാർ-നകുല സഹദേവന്മാർ. വാസവപ്രസ്ഥം-ഇന്ദ്രപ്രസ്ഥം. ശ്രീ-ഐശ്വൎയ്യം. വാസഗേഹം-അധിവസിക്കുന്ന ഭവനം. മയൻ-അസുരശില്പിദാനവൻ-അസുരൻ. ആഗമിക്കുക-വരിക. ഭാഗധേയം ഭാൎയ്യ ഫൽഗുനൻ-അൎജ്ജുനൻ. അപ്ര... മന്ദിരൻ-അപ്രമേയമായ (അളക്കാൻ പാടില്ലാത്ത) പ്ര

ഭാവത്തിനും (ശക്തിക്കും] ശ്രീക്കും (ഐശ്വര്യത്തിനും)
മന്ദിരമായിട്ടുള്ളവൻ (ഇരിപ്പിടമായിട്ടുള്ളവൻ) ധൃഷ്ട
ഞാൻ-ഈ ഞാൻ. ത്വൽ-നിന്റെ. താണ്ഡവാഡംബ
രാടോപം-നൃത്തകോലാഹലങ്ങൾക്കു നിദാനമായഅഹം
കാരം. ചക്രപാണി-സുദർശനചക്രം കൈയിലുള്ളവൻ(ശ്രീ
കൃഷ്ണൻ) പ്രക്രമം- ആക്രമം. മാരി-മഴ. കുക്ഷിപൂർത്തി-ഉ
ദരപൂരണം. വാരിവാഹം മേഘം. കശ്മലൻ-ദുഷ്ടൻ. യ
ഷ്ടികൾ-ദോഷന്മാർ സുയോധനൻ-ദുര്യോധനൻ. തോപ്പ
നാർ-അച്ഛൻ അണ്ണൻ-ജ്യേഷ്ഠൻ കളത്രം-ഭാര്യ ധ്വംസനം
-നാശം ചേഷ്ടകൾ-വഷളന്മാർ ഗുരുത്വം-ശ്രേഷ്ഠത (പ്രാ
ധാന്യം) കൂറ്-സ്നേഹം. ചീറുക-കോപിക്കുക. സത്വം-വ്യ
വസായം. സന്ത്യജിക്കുക-ഉപേക്ഷിക്കുക. ദന്തിമന്ദിരം-
ഹസ്തിനാപുരം. ധനഞ്ജയൻ-അർജ്ജുനൻ. ദന്തിരഥതുര
ഗങ്ങൾ-ആന, രഥം, കുതിര. വടിവ്-ഭംഗി. ബന്ധമെ
ന്നിയെ-കാരണംകൂടാതെ. വാട- പുറമതിൽ. കോട്ടം-ന്യൂ
നത [കുറവ്) കുറി-പ്രാവശ്യം ഖലകുലോത്തമൻ-ദുഷ്ടാ
ഗ്രേസരൻ. ചിത്രതരം-അതിമനോഹരം കപിദ്ധ്വജൻ-
കുരങ്ങുകൊടിയടയാളമായിട്ടുള്ളവൻ. വെണ്ടുകൊട്ടുക-ച
തിക്കപ്പെടുക. മതം-അഭിപ്രായം. വിപ്രദേവപ്രിയൻ-
ബ്രാഹ്മണർക്കും ദേവന്മാർക്കും ഇഷ്ടൻ. പത്തനം-ഭവനം.
ഗുഡാകേശൻ-അർജ്ജുനൻ. വർദ്ധകി-ആശാരി. വ്യയം-
ചിലവ് അണ്ടർകോൻ-ദേവേന്ദ്രൻ. ലോകത്രയാഖ്യാതം-
മൂന്നുലോകത്തിലും പ്രസിദ്ധം. വാശത്ത്-വല്ലത്ത്. വേദിയ
ന്മാർ-വൈദികബ്രാഹ്മണർ കച്ഛം-തീരം അച്ഛം-നിർമ്മ
ലം ചേടികാചേടികൾ-ദാസീദാസന്മാർ. ഘോടകശാല
കൾ-കുതിരാലയങ്ങൾ. ഹാടകശാലകൾ-സ്വർണ്ണമയമായ
ഭവനങ്ങൾ അട്ടം-മാളികയുടെ അഗ്രഭാഗത്തെ നിലകൾ
മണിഘട്ടങ്ങൾ-രത്നമയമായ കൽപടികൾ. അന്യത്ര-മ
റ്റൊരിടത്ത്. തണ്ടുതപ്പിത്തരം-അത്യാവശ്യം സ്ഥായി

ക്കാർ-നിത്യപരിചയമുള്ള സേവകന്മാർ. ഉദ്വീശശാങ്കൻ രാജാവു് മൂർദ്ധാഭിഷിക്തർ-ശിരസ്സിൽ അഭിഷേകം ചെയ്യപ്പെട്ടവൻ. ഉത്സർപ്പാക്കുക-കുഴയുക. ശർമ്മം-സുഖം വരാഷ്ഠൻ-ശ്രേഷ്ഠൻ കങ്കണം-വള. കടകം-പൊൻവള. കങ്കടം-പടച്ചട്ട അഞ്ജസാ-പെട്ടെന്നു. കടീസൂത്രം-കാഞ്ചീഗുണം (അരയിൽ കെട്ടുന്നതിനുള്ള ചരടു്. പ്രതിഗ്രഹിക്ക-സ്വീകരിക്കുക. സർവാണി-ബ്രാഹ്മണക്കു എല്ലാവക്കും കൊടുക്കുന്നതു്. പഞ്ചാസ്ത്രോപന്മാർ-കാമദേവനുതുല്യർ. വൃഷ്ണിവീരൻ-യാദവവീരൻ. വിരിഞ്ചൻ-ബ്രഹ്മാവു് വാസവൻ-ഇന്ദ്രൻ. ജിഷ്ണു-അർജ്ജുനൻ ധൃഷ്ണു-സമർത്ഥൻ. സർവസഹിഷ്ണു-എല്ലാം സഹിക്കുന്നവൻ. വിശ്വചരിഷ്ണു ലോകമാകെ സഞ്ചരിക്കുന്നവൻ ഭ്രഷ്ണു-ഭവിക്കുന്നവൻ (ഉണ്ടാകുന്നവൻ) ഇഷ്ടി-യാഗം വിഷ്ടപം-ലോകം. അഷ്ടമൂർത്തിനിഷേവിതൻ-ശിവനാൽ സേവിക്കപ്പെടുന്നവൻ സൃഷ്ടിപൂരണം-സൃഷ്ടികർമ്മം. മാരൻ-കാമദേവൻ ഘനരുചിപൂരം-വർദ്ധിച്ച ശോഭാപ്രസരം. വിഗതവികാരൻ-നിർവികാരൻ. വിശദവിചാരൻ-നിർമ്മലമായ ചിന്തയോടുകൂടിയവൻ. വിമലനി...ശ്ശൂരൻ-പരിശുദ്ധന്മാക്കു നേരിടുന്ന ഉപദ്രവങ്ങളെ ദൂരീകരിക്കുന്നതിൽ ധീരൻ. നിജ-മിളിതൻ തന്റെ സൈന്യങ്ങളോടുകൂടിയവൻ. തുലിതതമാലൻ-പച്ചിലമരത്തോടു തുല്യൻ. കതകദുക്കൂലൻ-സ്വർണ്ണനിറത്തിലുള്ള പട്ടോടുകൂടിയവൻ. കലിഹരശീലൻ-കലിയെ ഇല്ലാതാക്കുന്നവൻ. കയിതസുശീലൻ-നല്ലശീലത്തോടുകൂടിയവൻ. ജലധരനീലൻ-കാർമേഘവർണ്ണത്തോടുകൂടിയവൻ. കപോലം-കവിൾത്തടം സുഖിതകുചേലൻ-കുചേലനെ സന്തോഷിപ്പിച്ചവൻ. തത്ര-അവിടെ മടപ്പള്ളി-അടുക്കളെ രട്ടു-കട്ടിയുള്ളതും മാർദ്ദവമില്ലാത്തതും ആയ വസ്ത്രം. ഉൽഘാത്മാക്കൾ-അറിവില്ലാത്തവർ പാന്ഥർ-വഴിപോക്കർ, പ്രാതലൂൺ-

പ്രഭാതഭക്ഷണം. ഗുളം-ശർക്കര ദിശി-ദിക്കിൽ. പാന
കം-പാനീയം (കുടിക്കാനുള്ളതു്) പന്തുമാടുക-പന്തുകളി
ക്കുക. ആണ്ടിയാട്ടം-പണ്ടാരങ്ങളുടെ നൃത്തം. സരണി-
വഴി(മാർഗ്ഗം)ശില്പമായ്-കമനീയമായ് ഉപകൃതി-ഉപകാ
രം. തരിമ്പു-അല്പം അമരവരൻ-ദേവേന്ദ്രൻ. അമലം-നി
ർമ്മലം. രുചിരം-മനോഹരം വിരിഞ്ചൻ-ബ്രഹ്മാവ്. ക്രൂര-
സ്നേഹം ചോഴിയബ്രാഹ്മണർ-ചോളബ്രാഹ്മണർ. ഘോ
റ-അതിഭക്ഷകൻ. അതിരേകം-ആധിക്യം അന്തണന്മാ
ർ-ബ്രാഹ്മണർ കിഞ്ചിൽ-അല്പം വെട്ടം-പ്രകാശം വല്ലഭ
ത്വം-പ്രമാണിത്വം. ജ്ഞാതം-അറിയപ്പെട്ടതു്. ജനനി-
അമ്മ. ഭാനവാശാരി-മയൻ അദ്ധ്വഗന്മാർ-വഴിപോക്ക
ർ. മാനം-ആകാശം കാമിനി-സ്ത്രീ പാട്ടിലാക്കുക-വശ
ത്താക്കുക. തുഷ്ടി-ആനന്ദം (സന്തോഷം) അന്ധനരവര
ൻ കുരുടനായ രാജശ്രേഷ്ഠൻ. സപദി-പെട്ടെന്നു അന്ധമ
തി-മൂഢബുദ്ധി. സമാകുലൻ-ഇളകിയവൻ. സംഭൃതസാധ
നൻ-സാധനങ്ങൾ ശേഖരിച്ചവൻ. സകലരിപുകുലബാ
ധനൻ-എല്ലാശത്രുക്കളേയും ഉപദ്രവിക്കുന്നവൻ. തമ്പി-
അനുജൻ. കരിതുരഗരഥാദികൾ-ആന കുതിര തേരു
മുതലായവ. ഉടമ-ചേർച്ച. പടഹം-പെരുമ്പറ. രടിതം-
ശബ്ദം നിനദം-ശബ്ദം ചടുലം-ചലിക്കുന്നതു് നടി-നർത്തകി
വിടൻ-ആഭാസൻ നരകോടി-ധാരാളം ആളുകൾ വാടി-
ഉദ്യാനം. ഉറക-നൃത്തം ചെയ്ക. ഭള്ളു-അഹങ്കാരം. വലകു
ലം-ദുഷ്ടക്കൂട്ടം ചെറുക്കുക-ആക്രമിക്കുക തടം-തീരം നാഗ
മന്ദിരം-ഹസ്തിനപുരം പത്തിജളന്മാർ-ഭേഷന്മാരായ കാ
ലാൾ പടകൾ. മാലക്കണ്ണുള്ളവർ-രാത്രിയിൽ അശേഷം
കണ്ണുകാണാൻ പാടില്ലാത്തവർ. ശുനകൻ-പട്ടി മാററി
ക്കളെടൻ-സമയത്തു പ്രയോജനപ്പെടാത്തവൻ. പോററി-
പരിപാലിക്കുന്നവൻ. കന്നങ്ങൾ-വഞ്ചകന്മാർ ഫലമൂ
ലം-കായും കിഴങ്ങും. കുറുപ്പത്തിൽ-ചുരുക്കത്തിൽ കാ.

ളം-കാഹളം നിറഃക്കേട്ട-അപമാനം ധാത്തരാഷ്ട്രാഗ്രജൻ-ദുരിയോധൻ. സപ്രമോദം-പ്രമോദത്തോടു (സന്തോഷത്തോടു)കൂടി പട-വസ്ത്രം തരുക്കൾ-വൃക്ഷങ്ങൾ. ജൃംഭിതം-വദ്ധിച്ചതു് കിരി-പന്നി. ഹരി-സിംഹം. ദന്തികന്ധരം-ദന്തിയുടെ (ആനയുടെ)കന്ധരം (കഴുത്തു്] ചേലാ-വസ്ത്ര, ജവാതു-വെരുകിൻപുഴ. കളഭം-ചന്ദനച്ചാറു. കുന്ദം-കുരുക്കുത്തിമുല്ല. ശിരോരുഹം-തലമുടി. ഭൂഷണം-അലങ്കാരം കർണ്ണയുഗം-രണ്ടുചെവിയും ഉരസ്സ്-മാർവിടം. നിരന്തരം-ഇടകൂടാതെ. തട്ടുപുഴകു-ഒരുമാതിരി വാസനാദ്രവ്യം. ദർപ്പണം-കണ്ണാടി പന്നഗധ്വജൻ-ദുരിയോധനൻ. നികടം-സമീപം അവാപ്തവാൻ-പ്രാപിച്ചവൻ. ധൂത്തരാഷ്ട്രം-ചതിയന്മാരുടെ രാജ്യം. അവസ്ഥാനം-അസ്ഥാനം കനഃക്കേട്ട-മാനഹാനി ഭവ്യൻ-ശ്രേഷ്ഠൻ. നീരാഴം-അധികം വെള്ളത്താഴ്ച. കിതയ്ക്കുക-വീർപ്പുമുട്ടുക. വൃകോദരൻ-ഭീമസേനൻ. ദുരാചാരം-ദുഷ്പ്രവൃത്തി ഹസ്തസംഘനം കൈകൊട്ടുക മാനിനി-സ്ത്രീ. ആനന്ദം-മുഖം ആധി-ദുഃഖം ദുൎയ്യോഗം-ദുർവിധി. തൽപ്രദേശം-ആ പ്രദേശം വിരവോടു-വേഗത്തിൽ. ക്രുദ്ധഭാവം-കോപഭാവം. മനോരഥം-ആഗ്രഹം മുട്ടു-ബുദ്ധിമുട്ടു (ഇല്ലായ്മ) ധിക്കരിക്ക-അധിക്ഷേപിക്കുക. ശക്രസുതൻ-അൎജ്ജുനൻ. അക്കസുതൻ-കർണ്ണൻ. അക്കനന്ദനനന്ദനൻ-യമന്റെ പുത്രൻ (ധമ്മപുത്രൻ) മഹാമതി-കുശാഗ്രബുദ്ധി. ഹസ്തിപത്തനം-ഹസ്തിനപുരം. കാലാ...കുമാർ യമൻ; വായു, ദേവേന്ദ്രൻ, അശ്വിനീദേവന്മാർ എന്നിവരുടെ പുത്രന്മാർ )പാണ്ഡവന്മാർ എന്നു സാരം) മതക്കേട്ട-അഭിപ്രായങ്ങളുടെ നിഷ്കാസനം. ചിതക്കേട്ട-അഭിമാനഭംഗം (യോഗ്യതാഭംഗം നമിക്ക-നമസ്കരിക്ക. കുറവുകൾ-കുറങ്ങൾ പൊറുക്കുക ക്ഷമിക്കുക പരമാനന്ദസന്തോ

ഹം-അത്യുൽകൃഷ്ടമായ സന്തോഷസമൂഹം പരിചോട്- ഭംഗിയായിട്ട് പരിതോഷം-സന്തോഷം നികത്തുക-സഹായിക്കുക. അമരസേവിത-ദേവന്മാരാൽ സേവിക്കപ്പെടുന്നവൾ തായ-അമ്മ മമതാവാരിധേ-വാത്സലീസമുദ്രമേ. മൽകുലാധാരേ-എന്റെ വംശത്തിനു ആലംമായിട്ടുള്ളവളെ. ആകാരം-സ്വരൂപം.

---

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|
| | | |

DC Library
*00010856*
T61 U5

# സഭാപ്രവേശം

## പറയൻതുള്ളൽ.

**With Introduction and Notes.**

Sastri Mahopadhyaya

K. S. N. UNNI.

1939

T 61
U 5

Indic Digital Archive Foundation
gpura.org